(മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ നടപടികളുമായി ബന്ധപ്പെട്ട് സ്ത്രീത്വത്തിന് അപമാനകരമായ രീതിയിൽ പ്രസ്താവന നടത്തിയ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി രാജി വയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തികൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം (*121)

കേന്ദ്ര മോട്ടോർ വാഹന നിയമഭേദഗതി

(*121) ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. പി. വി. അൻവർ

ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര മോട്ടോർ വാഹനനിയമ ഭേദഗതി പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതുതായി ചേർത്തിട്ടുള്ള വകുപ്പ് 215 എ, 215 ബി, 215 സി എന്നിവ, മോട്ടോർ വാഹന നിയമം നടപ്പിലാക്കേണ്ട കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ

ബാധ്യതയ്ക്ക് എന്ത് മാറ്റമുണ്ടാക്കുമെന്ന് അറിയിക്കുമോ;

(സി) ലോക് സഭ പാസ്സാക്കിയ ഭേദഗതി ബില്ലിലെ 66, 67 വകുപ്പുകൾ പ്രകാരം യാത്രാചരക്കു വാഹനങ്ങൾക്ക് പെർമിറ്റില്ലാതെ ഓടാമെന്ന സ്ഥിതി സംജാതമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) തൊഴിലാളി സംഘടനകളുടെ എതിർപ്പിനെ അവഗണിച്ച് അശാസ്ത്രീയവും ദ്രോഹകരവുമായ നിരവധി വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഭേദഗതികളോട് മുൻ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിരുന്നോ; ഇത് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ,

(എ) ഉണ്ട്. ലോക് സഭ പാസ്സാക്കിയ 2016-ലെ കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) ബില്ലിൽ പ്രധാനമായും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഇനി പറയും പ്രകാരമാണ്. നിലവിൽ ഡ്രൈവിംഗ് ലൈസൻസിനായി ഒരു വ്യക്തി അപേക്ഷിക്കേണ്ടത് അയാളുടെ താമസസ്ഥലത്തെ ഓഫീസിലോ അല്ലെങ്കിൽ ഡ്രൈവിംഗ് പരിശീലനം നേടുന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന ഓഫീസ് പരിധിയിലോ

ആയിരിക്കേണ്ടതാണ്. ഇത് ഒഴിവാക്കി ഒരു വ്യക്തിക്ക് ഏത് ഓഫീസിലും അപേക്ഷ നൽകാവുന്നതാണ്. ബാഡ്ജ് ലഭിക്കണമെങ്കിൽ നിലവിൽ 8-ാം ക്ലാസ് ജയിച്ചിരിക്കേണ്ടതാണ്. ഈ വിദ്യാഭ്യാസ യോഗ്യത ഒഴിവാക്കി ഡ്രൈവിംഗ് ടെസ്റ്റിൽ മൂന്ന് പ്രാവശ്യം പരാജയപ്പെട്ട വ്യക്തി അടുത്ത ടെസ്റ്റിനുമുൻപായി റെമഡിയൽ ട്രെയിനിംഗ് നേടിയിരിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതാണ്. ഡ്രൈവിംഗ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിൽ കാലാവധി കഴിഞ്ഞ ലൈസൻസ് അഞ്ചു വർഷം വരെ പുതുക്കാമായിരുന്നത് ഒരു വർഷമായി ചുരുക്കി. (.....ബഹളം.......)

വാഹന രജിസ്ട്രേഷനായി താമസ/ജോലിസ്ഥലത്തിനു പുറത്ത് ഏത് ഓഫീസിലും അപേക്ഷ നൽകാൻ കഴിയും. വാഹന ഡീലർക്ക് രജിസ്ട്രേഷൻ നമ്പർ ഇല്ലാതെ വാഹനം കൈമാറാനാവില്ല. പുതിയ വാഹന രജിസ്ട്രേഷൻ ആവശ്യത്തിനായി ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. വാഹന നിർമ്മാതാവ് വാഹനങ്ങളുടെ നിർമ്മാണ കുറവുകൾ പരിഹരിക്കാൻ

ബാധ്യസ്ഥരാരാണ്. 1-10-2018 മുതൽ കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ മാത്രമായിരിക്കും ഫിറ്റ്നസിനുള്ള വാഹന പരിശോധന. (.....ബഹളം.......)

വിവിധ യാത്രാമാർഗ്ഗങ്ങളെ ഏകോപിപ്പിക്കാനായി നാഷണൽ ട്രാൻസ്പോർട്ടേഷൻ പോളിസി സ്വകാര്യ മേഖലയിൽ അല്ലെങ്കിൽ പബ്ലിക്-പ്രൈവറ്റ് സഹകരണത്തോടെ സംസ്ഥാന സർക്കാരുകൾക്ക് ലാസ്റ്റ് മൈൽ കണക്ടിവിറ്റി, ഗ്രാമീണ യാത്രകൾ, റോഡ് സേഫ്റ്റി, മലിനീകരണം, ട്രാഫിക് ബ്ലോക്കുകൾ ഒഴിവാക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി പെർമിറ്റ് കണ്ടീഷനുകളിൽ ഇളവ് നൽകാനാവുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ട്രാൻസ്പോർട്ടേഷൻ സ്കീം നടപ്പാക്കാവുന്നതാണ്. ഓൺലൈൻ ടാക്സി സർവ്വീസുകളെ നിയമപരിധിയിൽ കൊണ്ടുവരും.(.....ബഹളം.......)

നാലുവയസ്സിന് മുകളിലുള്ള ഇരുചക്രയാത്രികർ ഹെൽമറ്റ് ധരിച്ചിരിക്കണം. മദ്യപിച്ച് വാഹനം ഓടിയ്ക്കുന്നവരുടെയും അമിത വേഗതയിൽ വാഹനമോടിക്കുന്നവരുടെയും തുടർ കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് റദ്ദാക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. അപകടങ്ങളിൽ രക്ഷകരാവുന്നവർക്ക് നിയമ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ റോഡ് സേഫ്റ്റി ബോർഡുകൾ സ്ഥാപിക്കും.(.....ബഹളം.......)

വാഹനാപകട മരണത്തിൽ ഇൻഷ്വറൻസ് കമ്പനി അഞ്ച് ലക്ഷം രൂപയും ഗുരുതര പരിക്കിന് 2.5 ലക്ഷം രൂപയും നൽകും. ഹീറ്റ് ആന്റ് റൺ കേസ്സുകളിലും ഗോൾഡൻ അവറിലെ സൗജന്യ ചികിത്സ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരുന്നതാണ്. പ്രായപൂർത്തിയാകാത്തവർ വാഹനമോടിച്ചാൽ മാതാപിതാക്കളും നിയമനടപടികൾക്ക് വിധേയരാവും, നിയമ ലംഘനങ്ങളുടെ പിഴ വർദ്ധിപ്പിച്ചിട്ടുണ്ട് എന്നിവയാണ് പ്രധാനമായി മോട്ടോർ വാഹന നിയമഭേദഗതികളിൽ ഉൾപ്പെട്ടിരിയ്ക്കുന്നത്.(.....ബഹളം.......)

(ബി) പുതിയതായി ഉൾപ്പെടുത്തിയ വകുപ്പ് 215 (എ) നിയമപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് അവയുടെ അധികാരം വ്യക്തികൾക്കോ വ്യക്തികളുടെ കൂട്ടങ്ങൾക്കോ ആയി ഡെലിഗേറ്റ് ചെയ്യാവുന്നതും അവർക്ക് അത്തരം അധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാണ്. 215 (ബി) നിയമപ്രകാരം ഈ വിഷയത്തിൽ ചട്ടങ്ങൾ നിർമ്മിക്കുവാൻ കേന്ദ്ര സർക്കാരിനാണ് അധികാരം.

അപേക്ഷകൾ നൽകാനും അപേക്ഷകളുടെ ഫീസ് എന്നിവയ്ക്ക് ഇലക്ട്രോണിക് രീതികൾ ഉപയോഗിക്കാവുതാണെന്നും 215(ബി) (2)(എ) നിയമം അനുശാസിക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ യോഗ്യതകൾ സംബന്ധിച്ചാണ് 215 (ബി)(2) (ബി) വിശദീകരിക്കുന്നത്. ഇതിനായി സംസ്ഥാന

സർക്കാരുകൾക്ക് നിയമങ്ങൾ നിർമ്മിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. (.....ബഹളം.......)

ഇക്കാര്യത്തിൽ ലോക്സഭ പാസ്സാക്കിയ ബിൽ മാത്രമാണ് പുറത്തുവന്നിട്ടുള്ളത്. ഈ ബിൽ ഇനി രാജ്യസഭ കൂടി പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞേ ഭേദഗതി ചെയ്ത ആക്ട് നിലയിൽ വരികയുള്ളൂ. കേന്ദ്ര സർക്കാർ ചട്ടങ്ങളും തുടർന്ന് സംസ്ഥാന സർക്കാർ ചട്ടങ്ങളും നിർമ്മിച്ചുകഴിഞ്ഞാൽ മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

(സി) ഭേദഗതി ബില്ലിലെ 66, 67 വകുപ്പുകൾ പ്രകാരം പെർമിറ്റില്ലാതെ ഓടാമെന്ന സ്ഥിതി സംജാതമാകില്ല. എന്നാൽ മൂലനിയമത്തിലെ വകുപ്പ് 66-ന്റെ ഭേദഗതിയായി വാഹനങ്ങൾക്ക് പെർമിറ്റുകൾക്ക് പുറമെ ലൈസൻസ് എന്നൊരു സംവിധാനം കൂടി ഭേദഗതി ബില്ലിൽ വിവരിക്കുന്നുണ്ട്. വകുപ്പ് 67-ന്റെ ഭേദഗതിയിലെ വ്യവസ്ഥകൾ പ്രകാരം ലാസ്റ്റ് മൈൽ ഗതാഗത സംവിധാനം, ഗ്രാമീണ യാത്ര, ട്രാഫിക് കുരുക്ക് ഒഴിവാക്കൽ, നഗരയാത്രാ സംവിധാനം, റോഡ് സുരക്ഷ, ഗതാഗത സൗകര്യങ്ങളുടെ കൃത്യമായ ഉപയോഗം, സാമ്പത്തിക

സൗകര്യങ്ങളുടെ വികസനം, യാത്രാ സൗകര്യ വർദ്ധനവുകൾ, പ്രകൃതി സംരക്ഷണം, ഇന്ധന ഉപയോഗം, ജീവിത നിലവാരമുയർത്തൽ, വിവിധ യാത്രാസൗകര്യങ്ങളുടെ ഒരുമിപ്പിക്കൽ എന്നിവയ്ക്കായി സംസ്ഥാനങ്ങൾക്ക് ചട്ടങ്ങൾ നിർമ്മിക്കാനാവും. ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റോ പുതിയതായിപ്പറയുന്ന ലൈസൻസ് സംവിധാനത്തിലെ ലൈസൻസോ ആവശ്യമാണെന്ന് തന്നെയാണ് കാണുന്നത്. ഭേദഗതി വരുത്തിയ മോട്ടോർ വാഹന നിയമം പ്രാബല്യത്തിൽ വന്ന് ചട്ടങ്ങൾ കൂടി രൂപീകൃതമായതിനുശേഷം മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വ്യക്തതയുണ്ടാവുകയുള്ളൂ.(…..ബഹളം…….)

(ഡി) കേന്ദ്ര സർക്കാർ തയ്യാറാക്കിയ 2014-ലെ റോഡ് സേഫ്റ്റി ബില്ലിൽ സംസ്ഥാന സർക്കാരിനെ ദോഷകരമായി ബാധിച്ചേക്കാവുന്ന വ്യവസ്ഥകൾ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾക്കെതിരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തി. സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് റോഡ് സേഫ്റ്റി ബിൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചില്ല. ഇപ്പോഴത്തെ നിയമത്തിലെ ദോഷകരമായ

വ്യവസ്ഥകൾ ഈ സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. (.....ബഹളം.......)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ കേരളാ ഹൈക്കോടതി അതീവഗൗരവകരമായ പരാമർശമാണ് നടത്തിയിരിക്കുന്നത്. ഇവിടെ പാർട്ടിക്ക് അനഭിമതനായ ഒരു വ്യക്തി എങ്ങനെയാണ് ഗവൺമെന്റിനും ജനങ്ങൾക്കും അഭിമതനാകും? ഈ സംസ്ഥാനത്ത് സ്ത്രീത്വത്തെ അപമാനിച്ച മന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് ഈ സഭയിൽ അദ്ദേഹത്തെ ബഹിഷ്കരിക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. മാത്രമല്ല സഭയ്ക്ക് പുറത്ത് യു.ഡി.എഫ്. ശക്തമായ പ്രക്ഷോഭങ്ങളുമായി മുന്നോട്ട് പോകും. ഈ കേസ്സിൽ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. പി. ടി. തോമസ് ഒരു പ്രത്യേക ഹർജി ഹൈക്കോടതിയിൽ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഞങ്ങൾ ശക്തമായ നടപടികളുമായി മുന്നോട്ടു പോകും. നിരവധി ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കേണ്ടതായിട്ടുള്ളതുകൊണ്ട് സഭാനടപടികൾ സ്തംഭിപ്പിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല എന്ന് അങ്ങയെ അറിയിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഭേദഗതി വരുത്തിയ മോട്ടോർ വാഹന നിയമം പ്രാബല്യത്തിൽ വന്നിട്ടില്ലായെങ്കിൽകൂടി, ഏത് വിധേനയും ഇത് നിയമമാക്കുവാൻ വേണ്ടിയുള്ള ശ്രമത്തിലാണ് കേന്ദ്രം. ട്രാൻസ്പോർട്ട് മേഖലയെ പൂർണ്ണമായും സ്വകാര്യവൽക്കരിക്കാനുള്ള ലക്ഷ്യത്തോടുകൂടി മുന്നോട്ടു പോകുകയാണ് കേന്ദ്ര മന്ത്രി. ആഗോളകുത്തകകൾക്കും സ്വകാര്യമേഖലകൾക്കും ട്രാൻസ്പോർട്ട് മേഖലയെ അടിയറവയ്ക്കുകയാണ്. വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട് കോട്ടയത്ത് ഒരു സംഭവം ഉണ്ടായി. പഴയ മോഡൽ വാഹനം പുതിയതാണെന്ന് കാണിച്ച് ഒരാൾക്ക് കൊടുത്തു. അങ്ങനെ ആ ഡീലറുടെ ട്രേഡ് സർട്ടിഫിക്കറ്റ് തന്നെ റദ്ദാക്കിയ സാഹചര്യമുണ്ടായി. ഈ നിയമം നിലവിൽ വരുമ്പോൾ ഡീലർമാർ രജിസ്ട്രേഷൻ നടത്തുമ്പോൾ വലിയ രീതിയിലുള്ള കബളിപ്പിക്കൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഈ ആശങ്ക ഏതു രീതിയിൽ അഡ്രസ്സ് ചെയ്യാനാണ് സംസ്ഥാനം ആഗ്രഹിക്കുന്നത്?

ശ്രീ. തോമസ് ചാണ്ടി: സർ, കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കുന്ന സകല നിയമങ്ങളും, കുത്തകകളെ ലക്ഷ്യം വച്ചുകൊണ്ടും അവർക്ക്

അനുകൂലമായിട്ടുള്ളതുമാണെന്ന് എല്ലാപേർക്കും അറിയാം. അതുകൊണ്ട് ആ നിയമം ഇന്ത്യൻ പ്രസിഡന്റ് സൈൻ ചെയ്ത് ചട്ടങ്ങളുണ്ടാക്കി വന്നാൽ മാത്രമേ നമ്മുടെ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീമതി വീണാ ജോർജ്ജ്: സർ, പെർമിറ്റ് വേണമെന്ന് പറയുന്നുണ്ടെങ്കിലും അത് സംബന്ധിച്ച് വ്യക്തതയില്ല. ഒരു സിംഗിൾ പെർമിറ്റ് എടുക്കുകയാണെങ്കിൽ ഇപ്പോൾ കേരളത്തിൽ എവിടെ വേണമെങ്കിലും ഏത് സമയത്തും ബസ് ഓടുന്ന സാഹചര്യമുണ്ട്. കെ.എസ്.ആർ.ടി.സി. വലിയ രീതിയിൽ ദോഷകരമായി ബാധിക്കുന്ന സാഹചര്യം ഇത് നിയമം ആകുകയാണെങ്കിൽ സംജാതമാകും. ഇതിനെ നമുക്ക് ശക്തമായി നേരിടേണ്ടതുണ്ട്. ഇതുസംബന്ധിച്ചുള്ള ആലോചനകൾ സർക്കാർ നടത്തുന്നുണ്ടോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഇവിടെ നേരത്തെ പെർമിറ്റ് മതിയായിരുന്നു. പെർമിറ്റിന്റെ കൂടെ ഇപ്പോൾ ലൈസൻസും ഇംപ്ലിമെന്റ് ചെയ്തിരിക്കുകയാണ്. അത് തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന കാര്യമാണ്. ഒരേസമയത്ത് ഒരു ലൈസൻസിൽ രണ്ടു വണ്ടികൾ ഓടുന്ന

അവസ്ഥയിലേക്ക് കാര്യങ്ങൾ ചെന്നെത്തും. അതിന്റെ പ്രതിഷേധം നാം കേന്ദ്രത്തെ അറിയിച്ചു കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ നിയമത്തിന്റെ ഉള്ളടക്കത്തിൽ സംസ്ഥാനങ്ങളുടെ അധികാരം കവരുന്ന കടുത്ത തൊഴിലാളി വിരുദ്ധ നടപടികളുണ്ട്. ഉദാഹരണത്തിന് സർട്ടിഫിക്കറ്റുകൾ എടുക്കാൻ കാലതാമസം വരുകയോ, അല്ലെങ്കിൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന് കാലതാമസം വരുകയോ ചെയ്താൽ ഒരു ദിവസം 50 രൂപ ഫൈൻ ഈടാക്കുകയാണ്. ഇതൊക്കെ പാവപ്പെട്ട മോട്ടോർ തൊഴിലാളികളെ വളരെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇൻഷ്വറൻസിന്റെ പ്രീമിയം തുക വൻതോതിൽ വർദ്ധിപ്പിക്കുന്നു. ഇങ്ങനെയുള്ള തൊഴിലാളി വിരുദ്ധമായ കാര്യങ്ങൾ കേന്ദ്രഗവൺമെന്റ് പാസ്സാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് പരിമിതിയുണ്ടെങ്കിലും, തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് എന്തെങ്കിലും ചെയ്യാൻ ഈ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിന്റെ ഒരു

ഫൈനൽ ഡ്രാഫ്റ്റ് ഇതുവരെ ആയിട്ടില്ല. ഇതിനകത്ത് ചില നല്ല കാര്യങ്ങളുമുണ്ട്. വാഹന രജിസ്ട്രേഷനായി ജോലി സ്ഥലത്തിന് പുറത്ത് ഏത് ഓഫീസിലും അപേക്ഷ നൽകാൻ കഴിയും. വാഹന ഡീലർക്ക് രജിസ്ട്രേഷൻ നമ്പരില്ലാതെ വാഹനം കൈമാറാൻ ആകില്ല. പുതിയ വാഹനം രജിസ്ട്രേഷൻ ആവശ്യത്തിനായി ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. വാഹനനിർമ്മാതാവ് വാഹനങ്ങളുടെ നിർമ്മാണക്കുറവുകൾ പരിഹരിക്കാൻ ബാധ്യസ്ഥനാണ്. 1-10-2018-മുതൽ കംപ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ മാത്രമായിരിക്കും ഫിറ്റ്നസിനുള്ള വാഹന പരിശോധന. ചില നല്ല കാര്യങ്ങൾ ഉണ്ടെങ്കിലും അങ്ങ് പറഞ്ഞതുപോലെ തൊഴിലാളി വിരുദ്ധമായ കാര്യങ്ങളും, കുത്തകകളെ ലക്ഷ്യംവച്ചാണ് ഈ നിയമം ഉണ്ടാക്കിയിരിക്കുന്നത് എന്ന് ഒറ്റ നോട്ടത്തിൽ....., പക്ഷേ ഇത് പൂർണ്ണമായി രാജ്യസഭ പാസ്സാക്കി, ഇന്ത്യൻ പ്രസിഡന്റ് ഒപ്പുവച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ നമുക്ക് അങ്ങനെയല്ല ഇങ്ങനെയാണെന്ന് പറയാൻ നിവൃത്തിയില്ല, അത് പൂർണ്ണരൂപത്തിൽ കിട്ടിക്കഴിഞ്ഞാൽ കേരളത്തിന്റെ അഭിപ്രായം കേന്ദ്രത്തിനെ അറിയിക്കുന്നതായിരിക്കും.

ശ്രീ. പി. വി. അൻവർ: സർ, നിരവധി പ്രവാസികൾ ജോലിയിൽ നിന്ന് നിർബന്ധിത സാഹചര്യത്തിൽ പിരിച്ചുവിടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്നുണ്ട്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഒരു ജില്ലയാണ് മലപ്പുറം. അവർ ഇവിടെ വന്നതിനുശേഷം സ്വയം തൊഴിൽ എന്ന നിലയ്ക്ക് ഓട്ടോറിക്ഷ വാങ്ങി ഓടിക്കാൻ ശ്രമിക്കാറുണ്ട്. നിലമ്പൂരിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഒരു ആർ.ടി.ഒ. ഓഫീസും പെർമിറ്റ് കൊടുക്കാറില്ല. ഇതറിയാതെ കടം വാങ്ങി വാഹനം വാങ്ങിയ സാധാരണക്കാർക്ക് അത് ഓടിക്കാൻ സാധിക്കാറില്ല. ഇതിന് പകരമായി ഒരുപാട് കള്ള ടാക്സികൾ ഓടാറുണ്ട്. പ്രവാസികൾ വാങ്ങിയ ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, തീർച്ചയായും സംസ്ഥാനത്തിന്റെ അവകാശം ഹനിക്കുന്ന വിധത്തിലാണ് കേന്ദ്രം നിയമം കൊണ്ടുവന്നതെന്ന് തോന്നുന്നില്ല. നേരത്തേ ലൈസൻസ് എടുത്ത് അഞ്ചു വർഷത്തിനകം പുതുക്കണമെന്നായിരുന്നു നിയമം. എന്നാൽ പുതിയ നിയമത്തിൽ അത് ഒരു വർഷമായി കേന്ദ്ര ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. അത് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് പ്രവാസികളെയാണ്. ലൈസൻസ് തീരുന്ന മുറയ്ക്ക് അത് പുതുക്കാൻ അവർക്ക് സാധിക്കില്ല. അവർ വരുമ്പോൾ രണ്ടോ, മൂന്നോ കൊല്ലമാവുകയാണെങ്കിൽ

ലൈസൻസ് പുതുക്കാൻ സാധിക്കില്ല. അങ്ങനെയുള്ള ഒരു പ്രശ്നം ഇതിലുണ്ട്. തീർച്ചയായും ഇത് പരിഹരിക്കാൻ ശ്രമിക്കാം.

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്ത് പല ജില്ലകളിലും സ്വകാര്യ വാഹനങ്ങൾ സർവ്വീസ് നടത്തുന്നുണ്ട്. സ്വകാര്യ വാഹനങ്ങളിൽ പലതും ടിക്കറ്റ് നൽകാറില്ല. കൊടുക്കുന്ന ടിക്കറ്റുകളാണെങ്കിൽ അഞ്ച് ഇഞ്ചും ആറിഞ്ചും വലിപ്പത്തിലുള്ളതാണ്. അതുകാരണം സാധാരണക്കാർക്ക് സ്റ്റേജ് മാറ്റത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ കർശനമായ ഒരിടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഇത് തീർച്ചയായും നല്ലൊരു നിർദ്ദേശമാണ്. ഇക്കാര്യം അടിയന്തരമായി ട്രാൻസ്പോർട്ട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, അപകടങ്ങളിൽ പരിക്ക് പറ്റുന്നവർക്കും, മരണപ്പെടുന്നവരുടെ ആശ്രിതർക്കും അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നു. ട്രൈബ്യൂണലുകളിൽ കേസുകൾ കെട്ടിക്കിടക്കുന്നു. കേസുകളിൽ തീർപ്പുണ്ടായാൽ തന്നെ വിധി നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നു. ഇത് പരിഹരിക്കാൻ മനുഷ്യത്വപരമായ സമീപനം വേണം.

അപകടത്തിൽ ഗുരുതരമായി പരിക്കു പറ്റുന്നവർക്കെങ്കിലും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, വാഹനാപകടത്തിൽ മരണപ്പെട്ടാൽ അഞ്ചുലക്ഷം രൂപയും, ഗുരുതര പരിക്കിന് രണ്ടരലക്ഷം രൂപയുമായി ഉയർത്തിയിട്ടുണ്ടെന്ന് കേന്ദ്ര ഭേദഗതി നിയമത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. തീർച്ചയായും അങ്ങ് പറഞ്ഞ കാര്യം പരിഗണിക്കാം. കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്നുള്ള കാര്യം ഞാൻ ഇതുവരെ പഠിച്ചില്ല. പഠിച്ചശേഷം രേഖാമൂലം മറുപടി നൽകുന്നതാണ്. എം.എ.സി.ടി കോടതിയിലെ നടപടിക്രമങ്ങളാണ് കാലതാമസത്തിന് കാരണം. എങ്ങനെ അതിനെ മറികടക്കാമെന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേന്ദ്ര സർക്കാർ ഇപ്പോൾ ലോക്സഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്തിട്ടുള്ള ഈ നിയമം നടപ്പിലാകുമ്പോൾ, വാഹനം ഉത്പാദിപ്പിക്കുന്ന കമ്പനികൾക്ക് മാത്രമെ ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾ നടത്താൻ പാടുള്ളൂ എന്ന നിയമം വരാൻ പോവുകയാണ്. ഇത് കേരളത്തിൽ നിലവിലുള്ള ഡ്രൈവിംഗ് സ്കൂളുകളെ വല്ലാതെ ബാധിക്കുകയും അത് പൂട്ടപ്പെടുകയും, അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ

നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ വരും. അതുകൊണ്ടുതന്നെ ഇതിനെതിരായ നീക്കം കേന്ദ്ര സർക്കാരിലേയ്ക്ക് അറിയിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, വാഹനങ്ങൾ ഉണ്ടാക്കുന്ന കമ്പനികൾക്കാണ് ഇത്തരം ഒരധികാരം നൽകുന്നതെന്ന് എനിക്കു തോന്നുന്നില്ല. ഞാൻ മനസ്സിലാക്കിയത്, കേന്ദ്ര സർക്കാർ അംഗീകാരം നൽകുന്ന ഡ്രൈവിംഗ് സ്കൂളുകളിൽ പഠിപ്പിച്ച് പാസ്സായവർക്ക് ലൈസൻസ് കൊടുക്കണമെന്ന് ശുപാർശ കൊടുത്താൽ ആർ.ടി.ഒ. അത് കൊടുക്കണമെന്ന ഒരു ഭേദഗതി ഈ നിയമത്തിലുണ്ട്. വാഹനം ഉത്പാദിപ്പിക്കുന്നവർക്ക് കൊടുക്കാമെന്നത് കണ്ടിട്ടില്ല. തീർച്ചയായും അത് പരിശോധിച്ചശേഷം അങ്ങേയ്ക്ക് രേഖാമൂലം മറുപടി നൽകാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിലെ പ്രധാന പ്രശ്നം എന്നത് ഈ നിയമത്തെ കുറിച്ച് പഠിച്ച് അത് കേരളത്തിനുണ്ടാകുന്ന ദോഷത്തെ മനസ്സിലാക്കി നടപടിയെടുക്കണമെന്നുള്ളതാണ്. മന്ത്രിസഭകളും മന്ത്രിമാരും മാറിയെങ്കിലും കേരളത്തിന്റെ സ്റ്റാന്റ് ഒന്നുതന്നെയാണെന്നാണ് അങ്ങയുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ടാക്സ് കളക്ഷന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനാണ് ഈ പണം കൊടുക്കേണ്ടി വരുന്നത്. സംസ്ഥാനത്തിന്റെ വിഹിതം ആളോഹരി

രൂപത്തിൽ ഇങ്ങോട്ട് വരികയേയുള്ളൂ. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ കേരളത്തിലെ മുഴുവൻ ഡ്രൈവിംഗ് സ്കൂളുകളും നിർത്തേണ്ടി വരുമെന്നാണ് ഇപ്പോൾ പറയുന്നത്. അതോടൊപ്പം ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്ന സിസ്റ്റം തന്നെ മാറുകയാണ്. ഞാൻ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട നിതിൻ ഗഡ്കരി വിളിച്ചു ചേർത്ത എട്ട് ചർച്ചയിൽ പങ്കെടുത്തയാളാണ്. ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം, ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങൾപോലും കേന്ദ്ര ഗവൺമെന്റിന്റെ ഈ നിയമത്തോട് യോജിക്കുന്നില്ല. ഇപ്പോൾ പാലമെന്റിൽ പാസ്സാക്കിയിട്ടുള്ള ഈ ബിൽ രാജ്യസഭയിൽ റെസിസ്റ്റ് ചെയ്യുന്നതിനുള്ള പരിശ്രമത്തിൽ കേരളം ലീഡർഷിപ്പെടുക്കുമോ; കേരളത്തിന്റെ ഇപ്പോഴത്തെ സന്ദിഗ്ദ്ധാവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, തീർച്ചയായും അങ്ങയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ആവശ്യമില്ലാത്ത ഭേദഗതികൾ രാജ്യസഭയിൽ പാസ്സാകാതിരിക്കാൻ കൂട്ടായ യത്നം വേണം. അതിന് മുൻകൈ എടുക്കേണ്ടത് ഞങ്ങളല്ല, കോൺഗ്രസാണ്. തീർച്ചയായും എന്റെ പാർട്ടിയുടെ നേതൃത്വത്തെക്കൂടി അറിയിച്ച് ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാമെന്ന് ആലോചിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഈ നിയമം സംസ്ഥാനത്തിന് വളരെയേറെ ദോഷം ചെയ്യുന്നതാണ്. ഇതിൽ തൊഴിൽ ദ്രോഹപരമായിട്ടുള്ള ഒട്ടേറെ കാര്യങ്ങളുണ്ട്. എനിക്ക് മുൻപ് സംസാരിച്ചവർ പലതും സൂചിപ്പിച്ചു. യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ അധികാരത്തെ തന്നെ ചോദ്യം ചെയ്യുന്നതാണിത്. സംസ്ഥാനത്തിന്റെ വരുമാനം കേന്ദ്രത്തിലേയ്ക്ക് പോകുന്നു. വണ്ടികളുടെ ഫിറ്റ്നസ് കൊടുക്കുന്നതിന് അതാത് കമ്പനികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ചെറുകിട മോട്ടോർ തൊഴിലാളികളെയും വർക്ക്ഷോപ്പുകളെയും ബാധിക്കുന്ന ഈ നിയമം നിരവധിപേരുടെ തൊഴിൽ പ്രശ്നമാണ്. കേരളത്തിന് ദോഷം വരുന്ന ഇത്തരം കാര്യങ്ങൾ അനുകൂലിക്കാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, ഇക്കാര്യവുമായി ബന്ധപ്പെട്ടാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് മറുപടി കൊടുത്തത്. ഈ നിയമം രാജ്യസഭയിൽ പാസ്സാകാതിരിക്കാൻ അല്ലെങ്കിൽ ആവശ്യമില്ലാത്ത കാര്യങ്ങളിൽ മാറ്റം വരുത്താൻ കൂട്ടായി യത്നിക്കാൻ പ്രതിപക്ഷം മുൻകൈ എടുക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങ് ആദ്യം സൂചിപ്പിച്ചത് ഈ നിയമം രാജ്യസഭയിൽ വന്നതിനുശേഷം പ്രതിഷേധം അറിയിക്കാമെന്നാണ്. എന്നാൽ

ഇപ്പോൾ രാജ്യസഭയിൽ എത്തുന്നതിനുമുമ്പ് അറിയിക്കാമെന്ന് പറഞ്ഞു. ഇത് രാജ്യസഭ പാസ്സാക്കി നിയമമായാൽ പിന്നെ ഒരു വിധത്തിലുള്ള പ്രതിഷേധത്തിനും പ്രസക്തിയുണ്ടാവില്ല. അതിനാൽ രാജ്യസഭയിലേയ്ക്കെത്തുന്നതിന് മുമ്പ് ഒരു ഡെലിഗേഷൻ കൊടുത്ത് ഇതിലെ ചട്ടങ്ങളിലെ ഭേദഗതികളിൽ മാറ്റം അനിവാര്യമാണെന്ന് കേന്ദ്രസർക്കാരിനെയും മന്ത്രിയേയും ബോധ്യപ്പെടുത്താൻ അങ്ങ് മുൻകൈയെടുക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, തീർച്ചയായും വളരെ നല്ലൊരു നിർദ്ദേശമാണിത്. അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം ഉണ്ടെങ്കിൽ ഒരു ഡെലിഗേറ്റ്സ് ടീം പോയി കാര്യങ്ങൾ ബോധ്യപ്പെടുത്താം.

മി. സ്പീക്കർ: കേന്ദ്ര നിയമത്തിന്റെ അന്തിമരൂപം വരാത്തതിനാൽ ദീർഘമായ ചർച്ചയ്ക്ക് പ്രസക്തിയില്ല.

## കാലാവസ്ഥാ വ്യതിയാനം കാർഷികമേഖലയിൽ ഉണ്ടാക്കുന്ന ആഘാതം

(* 122) ശ്രീ. മുരളി പെരുനെല്ലി
ശ്രീ. ഇ. പി. ജയരാജൻ
ശ്രീ. പി. ഉണ്ണി
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനം നേരിടുന്ന കാലാവസ്ഥ വ്യതിയാനം കാർഷികമേഖലയിൽ ഉണ്ടാക്കുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിളനാശം കൊണ്ടുണ്ടാകുന്ന നഷ്ടപരിഹാരത്തിനായി ഈ സർക്കാർ പ്രഖ്യാപിച്ച പുതുക്കിയ വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) വിള നാശത്തിനുള്ള ഇൻഷ്വറൻസ് പദ്ധതി കൂടാതെ കർഷകർക്കായി സമഗ്ര ആരോഗ്യ സംരക്ഷണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനം കാരണമുണ്ടായ കടുത്ത വരൾച്ചയും ജലദൗർലഭ്യവും മൂലം വ്യാപകമായ കൃഷിനാശമാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് വരൾച്ച മൂലം 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതായിട്ടാണ് പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഏകദേശം 62897 കർഷകരുടെ 41592.3 ഹെക്ടർ കൃഷിയാണ് നശിച്ചത്. പച്ചക്കറി,

നെല്ല്, വാഴ, തെങ്ങ്, കുരുമുളക് തുടങ്ങിയ വിളകൾക്കാണ് വ്യാപക നാശം സംഭവിച്ചിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെത്തന്നെ ബാധിച്ചിരിക്കുന്നു. ഇതുമൂലം കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം കുറയുന്നതിനാൽ രൂക്ഷമായ വിലക്കയറ്റം പൊതുജനങ്ങളെ ദുരിതത്തിലാഴ്ത്തിയിട്ടുണ്ട്. മഴക്കുറവ് മൂലം മണ്ണിന്റെ അമ്ലാംശം കൂടിയത് നെൽകൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1995-ന് ശേഷം ആദ്യമായാണ് സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാരക തുക വർദ്ധിപ്പിക്കുന്നത്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കട,

എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് പദ്ധതിയുടെ സംരക്ഷണം ലഭിക്കുക.

കൂടാതെ കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന കർഷകർ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുണ്ടാവുകയുള്ളൂ. വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണനാശത്തിന് മാത്രമേ

നഷ്ടപരിഹാരത്തിന് അർഹതയുണ്ടാവുകയുള്ളൂ. ഭാഗികമായ നഷ്ടം കണക്കാക്കുന്നതല്ല. അത്യാഹിതം സംഭവിക്കുമ്പോൾ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കണം. പ്രകൃതിക്ഷോഭം മൂലമോ വന്യമൃഗങ്ങളുടെ ആക്രമണം മൂലമോ വിളനഷ്ടം സംഭവിച്ചാൽ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരത്തുക നൽകുന്നതാണ്. നഷ്ടപരിഹാര തുക പ്രീമിയം എന്നിവ സംബന്ധിച്ച വിശദമായ ഉത്തരവ് അനുബന്ധമായി[+] ചേർത്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

<u>ശ്രീ. മുരളി പെരുനെല്ലി</u> : സർ, കാലാവസ്ഥാ വ്യതിയാനം മൂലം അന്തരീക്ഷ ഊഷ്മാവ് ഒരു ശതമാനം കൂടുമ്പോൾ നെല്ലുൽപാദനം ഏകദേശം പത്ത് ശതമാനം കുറയുമെന്നാണ് ശാസ്ത്രജ്ഞൻമാർ പറയുന്നത്. സാധാരണ സാഹചര്യത്തിൽ ഓരോ മാസവും ശരാശരി ഒരു ഓല അല്ലെങ്കിൽ ഒരു പൂക്കുല തെങ്ങിൽ ഉണ്ടാകും. ഓരോ മാസവും പൂക്കുല ഉണ്ടാകുന്നതിനാൽ വർഷം മുഴുവൻ വിവിധ വളർച്ചയിലുള്ള കുലകൾ തെങ്ങിലുണ്ടാകുന്ന ഒരവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. പക്ഷേ ഉൽപാദനം

---

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുറഞ്ഞത് മാത്രമല്ല, തെങ്ങുകൾ തന്നെ നശിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥാവിശേഷമാണിന്ന്. കാലാവസ്ഥാ വ്യതിയാനം മൂലം ഏറ്റവും വലിയ നഷ്ടം സംഭവിക്കുന്ന കേരളത്തിന്റെ സമ്പദ്ഘടനയിലെ പ്രധാനമേഖലയായിട്ടുള്ള കാർഷികമേഖലയെ സംരക്ഷിക്കാൻ എസ്.എ.പി.സി.സി (സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേയിഞ്ച്) യുടെ ഭാഗമായി എന്തെങ്കിലും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; അത് നടപ്പിലാക്കാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ കണക്കാക്കിയിരിക്കുന്ന തുകയേക്കാൾ വലിയ തുക വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്. ഏറ്റവുമധികം വരൾച്ച നേരത്തെ പറഞ്ഞ വിളകളേക്കാൾ കൂടുതലായി തെങ്ങുപോലുള്ള ദീർഘകാല വിളകളെ കൂടി ബാധിച്ചിരിക്കുകയാണ്. ഈ സീസണിൽ അല്ല അതിന്റെ നഷ്ടത്തെ സംബന്ധിച്ച് കണക്കാക്കാൻ കഴിയുന്നത്. തെങ്ങിനുണ്ടായിരിക്കുന്ന വരൾച്ചമൂലമുള്ള നഷ്ടം അടുത്ത വർഷത്തെ യീൽഡിനെയാണ് ബാധിക്കുന്നത്. ഇപ്പോൾ സംഭവിച്ചിരിക്കുന്ന ഗുരുതരമായിട്ടുള്ള നഷ്ടം ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയേയും കാർഷികമേഖലയേയും ബാധിക്കുന്ന ഒരു

നിലയായിട്ടാണ് കാണുന്നത്. അതുകൊണ്ട് തന്നെ നേരത്തെ അംഗം സൂചിപ്പിച്ചതുപോലെ ഇതിനെ സംബന്ധിച്ച് ഒരു ആക്ഷൻ പ്ലാൻ ഗവൺമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന നിരന്തരമായിട്ടുള്ള ഈ മാറ്റം കാർഷിക വിളകളെത്തന്നെ ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. വെള്ളത്തിന്റെ ഉപയോഗം എങ്ങനെ കുറച്ചുകൊണ്ട് വരണം, വെള്ളത്തിന്റെ ഉപയോഗം കുറച്ച് കൃഷി എങ്ങനെ നടത്തണം എന്ന് തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് കേരളത്തിന്റെ കാലാവസ്ഥാ വ്യതിയാനത്തിന് അനുസൃതമായി കാർഷിക മേഖലയെ പുന:സംഘടിപ്പിക്കാൻ ആവശ്യമായിട്ടുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുകയാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, സംസ്ഥാനത്ത് കാർഷിക വളർച്ച കീഴോട്ടാണെന്നാണ് സൂചിപ്പിക്കുന്നത്. 2012-13 ൽ 13.76 % വളർച്ചയുണ്ടായിരുന്ന സ്ഥാനത്ത് 2013-14-ൽ 12.9 % ആയി കുറഞ്ഞു. 2014-15-ൽ 11.6 % ശതമാനമായും കുറഞ്ഞു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതിന്റെ പ്രധാന കാരണം കാലാവസ്ഥാ വ്യതിയാനമാണ്. സംസ്ഥാനത്ത് എല്ലാ വിളകൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയ സംസ്ഥാന സർക്കാരിന്റെ നടപടി തീർച്ചയായും അഭിനന്ദനാർഹമാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ നഷ്ടം

സംഭവിക്കുന്ന കർഷകർക്ക് കേന്ദ്ര സർക്കാർ ഇൻഷുറൻസ് രണ്ട് വിളകൾക്ക് മാത്രമായിട്ടാണ് ഒതുക്കിയിരിക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. മുഴുവൻ വിളകൾക്കും ഈ ആനുകൂല്യം ലഭിക്കത്തക്ക നിലയിലുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. വി. എസ്. സുനിൽകുമാർ :സർ, ഇവിടെ മൂന്നും നാലും തരത്തിലുള്ള ഇൻഷുറൻസ് നമുക്ക് ലഭ്യമാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഇൻഷുറൻസ് എന്നു പറയുന്നത് 25 തരം വിളകൾക്ക് പൂർണ്ണമായും നഷ്ടപരിഹാരം കിട്ടുന്നതാണ്. വളരെ ലളിതമായ രീതിയിലാണ് നഷ്ടപരിഹാരത്തുക കൊടുക്കുന്നതും പ്രീമിയം ചേർക്കുന്നതും. നെല്ലിനാണെങ്കിൽ പ്രീമിയം തുക 100 രൂപയാണ്. നൂറ് രൂപ കൊടുത്തുകഴിഞ്ഞാൽ 35000 രൂപ വരെ ഒരു ഹെക്ടറിന് നഷ്ടപരിഹാരം ലഭിക്കുന്നതാണ് സംസ്ഥാന വിള ഇൻഷുറൻസിന്റെ പ്രത്യേകത. പ്രധാനമന്ത്രിയുടെ പി.എം.കെ.എസ്.വൈ എന്ന പദ്ധതി വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇത് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മാത്രമാണുള്ളത്. ഇത് നെല്ല്, വാഴ, മരച്ചീനി തുടങ്ങിയ വിളകൾക്ക് മാത്രമാണ് വരുന്നത്. രണ്ടാമത്

വരുന്നത് കാലാവസ്ഥാധിഷ്ഠിതമായിട്ടുള്ള ഇൻഷുറൻസാണ്. ഇത് എല്ലാ ജില്ലകളിലും ഉണ്ടെങ്കിലും ഓരോ ജില്ലയ്ക്കും വ്യത്യസ്തമായ ക്രോപ്പുകളാണ് ഗവൺമെന്റ് നോട്ടിഫൈ ചെയ്തിരിക്കുന്നത്. അത് പ്രകാരമുള്ള നഷ്ടപരിഹാരമാണ് അവർക്ക് ലഭിക്കുന്നത്. കേരളത്തിൽ കേന്ദ്രാവിഷ്കൃത ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. ആദ്യം പറഞ്ഞ yield based ആയിട്ടുള്ള ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നത് ബാങ്ക് ലോൺ എടുത്തവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ലോണി ഫാർമേഴ്സിനു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന ഈ ഇൻഷുറൻസ് സ്കീം കഴിഞ്ഞ നാഷണൽ കോൺഫറൻസിൽ വച്ച് കേരള ഗവൺമെന്റ് ലോണി അല്ലാത്ത എല്ലാ നോൺ ലോണി ഫാർമേഴ്സിനും കൂടി കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. മറ്റ് എല്ലാ യീൽഡുകൾക്കും ലോൺ ആന്റ് നോൺ ലോണി ആയിട്ടുള്ളവർക്കുകൂടി അത് ലഭ്യമാകുന്നതാണ്. ഈ ഇൻഷുറൻസിൽ ചേരുന്നതിനാവശ്യമായ, മൊത്തം ഇൻഷുറൻസ് നഷ്ടപരിഹാരത്തുകയുടെ 1.5 ശതമാനം വരെയാണ് കർഷകൻ

അടയ്ക്കേണ്ടത്. ബാക്കി വരുന്ന തുക കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളാണ് അടയ്ക്കേണ്ടത്. ഇതിൽ പല മാനദണ്ഡങ്ങളും വയ്ക്കുന്ന എന്നതുകൊണ്ടും യീൽഡ് ബേസ് ആണെങ്കിലും കാലാവസ്ഥാധിഷ്ഠിമായിട്ടുള്ള ലോണുകൾ ആണെങ്കിലും കർഷകർക്ക് പ്രീമിയം തുക കിട്ടുന്നതിനാവശ്യമായി വരുന്ന കാലതാമസം മൂലം പല കൃഷിക്കാരും ഇതിൽ ചേരാൻ മടിക്കുന്നു. ഈ വർഷം കേന്ദ്ര ഗവൺമെന്റിന്റെ സംഘം ഇവിടെ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വിള ഇൻഷുറൻസ് പദ്ധതിയിലും കേന്ദ്രത്തിന്റെ മറ്റ് രണ്ട് ഇൻഷുറൻസ് പദ്ധതിയിലും കർഷകരെ വ്യാപകമായി ചേർക്കുന്നതിനുവേണ്ടിയുള്ള വിപുലമായി ഒരു ക്യാമ്പയിൻ കൃഷിക്കാർക്കിടയിൽ ആരംഭിക്കാനും കൃഷിക്കാരെ പൂർണ്ണമായും ഏതെങ്കിലും ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ. പി. ജയരാജനു വേണ്ടി ശ്രീ. ജോർജ് എം. തോമസ്</u>: സർ, നഷ്ടപരിഹാരസംഖ്യ വർദ്ധിപ്പിക്കാൻ കൃഷി വകുപ്പുമന്ത്രി സ്വീകരിച്ച നടപടിയെ നാട് ആകെ അനുമോദിക്കുകയാണ്. കോഴിക്കോട് ജില്ലയിൽ ഇന്നലെയുണ്ടായ കാറ്റിൽ ആയിരക്കണക്കിന് വാഴയും തെങ്ങും ചില വീടുകളും പൂർണ്ണമായും നശിച്ചു.

അതിനുള്ള നഷ്ടപരിഹാരം അടിയന്തരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം 2014-ൽ ഇവിടെ നിന്നും നാലു മന്ത്രിമാർ കോടഞ്ചേരി പഞ്ചായത്തിൽ വന്നിരുന്നു. അന്ന് വമ്പിച്ച നാശനഷ്ടം ഉണ്ടായി. എല്ലാത്തിനും പരിഹാരം ഉണ്ടാക്കുമെന്ന് പറഞ്ഞ് മന്ത്രിമാർ നാലു പേരും പര്യടനവും നടത്തി ഫോട്ടോ എടുത്ത് പത്രത്തിലും കൊടുത്തു തിരിച്ചുപോയി. നയാപൈസ ഇതുവരെ കിട്ടിയിട്ടില്ല. അന്നുള്ള പൈസ കൊടുക്കാനും ഇന്നലെയുണ്ടായ ഡിസാസ്റ്ററിന് അടിയന്തരമായി സഹായം ചെയ്യാനും മന്ത്രി തയ്യാറാകുമോ ?

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, ഇപ്പോൾ ഉണ്ടായിരിക്കുന്ന നാശനഷ്ടം സംബന്ധിച്ച് ജില്ലാ കൃഷി ആഫീസർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്തൊക്കെയാണ് നാശനഷ്ടം സംഭവിച്ചത് എന്ന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. ഇൻഷ്വർ ചെയ്തിട്ടുള്ളവരാണെങ്കിൽ, ഇൻഷ്വറൻസ് തുകയും അവർക്ക് ലഭ്യമാകുന്നതിനുള്ള നടപടി ഉണ്ടാകും. കുടിശ്ശിക തുക വലിയതോതിൽ ഉണ്ടായിരുന്നെങ്കിലും കോഴിക്കോട് ഉൾപ്പെടെയുള്ള ജില്ലകളിലെ കുടിശ്ശിക ഇനത്തിൽ കഴിഞ്ഞ വർഷം 52 കോടി രൂപ ആ ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. ഇടുക്കി, വയനാട്, പാലക്കാട് പോലുള്ള ജില്ലകളിൽ പൂർണ്ണമായും, ഏകദേശം 85% കുടിശ്ശിക തുക

കൊടുത്ത് അവസാനിപ്പിച്ചിട്ടുണ്ട്. ഏറ്റവുമധികം കുടിശ്ശിക തുകയുണ്ടായിരുന്നത് വയനാട് ജില്ലയിലാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വയനാട് ജില്ലയിൽ 27 കോടി രൂപയുടെ കുടിശ്ശിക തുക പൂർണ്ണമായും കൊടുക്കുകയുണ്ടായി. ഏകദേശം 69 കോടി രൂപയുടെ കുടിശ്ശികയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നത്. അതിൽ 52 കോടി രൂപയുടെ കുടിശ്ശിക ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള കുടിശ്ശിക കൂടി കൊടുക്കുന്നതായിരിക്കും.

ശ്രീ. പി. ഉണ്ണി : സർ, പാലക്കാട് ജില്ലയിൽ ആദ്യ വിള എടുക്കുന്നതിനോ രണ്ടാം വിള ഇറക്കുന്നതിനോ കഴിഞ്ഞിട്ടില്ല. കുടിവെള്ളക്ഷാമം മൂലം രണ്ടാം വിള ഇറക്കേണ്ടതില്ല എന്നാണ് കൃഷിക്കാരുടെ തീരുമാനം. കാലാവസ്ഥാ വ്യതിയാനം മൂലം പ്രതിസന്ധിയിലായ കൃഷിക്കാരെ സഹായിക്കുന്നതിന് ഏതെങ്കിലും സഹായ പാക്കേജുകൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ. കേന്ദ്ര സംഘം വരൾച്ച കാണാൻ കേരളത്തിൽ വരികയും മുഖ്യമന്ത്രിയുമായി ഡിസ്കഷൻ നടത്തുകയും ചെയ്ത സാഹചര്യത്തിൽ എന്തെങ്കിലും സഹായം കേരളത്തിന് ലഭിക്കും എന്ന പ്രതീക്ഷയുണ്ടോ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ആദ്യമായിട്ടാണ് സാധാരണയിലും

വ്യത്യസ്തമായി കേന്ദ്രസംഘം ഇവിടെ നേരത്തെ വരുന്നത്. സാധാരണ വേനൽക്കാലത്തുണ്ടാകുന്ന നഷ്ടത്തിന് വർഷകാലത്താണ് കേന്ദ്രസംഘം എത്തിച്ചേരാറുള്ളത്. പക്ഷേ നേരത്തെ ഞങ്ങൾ മൂന്ന് മന്ത്രിമാർ അവിടെ പോയി ബഹുമാനപ്പെട്ട മന്ത്രിമാരെ കണ്ടതിനെത്തുടർന്നാണ് പത്തംഗസംഘം ഇവിടെ വരുകയുണ്ടായത്. ആ പത്തംഗസംഘം അവർ നിശ്ചയിച്ച എല്ലാ സ്ഥലങ്ങളിലും പോയി എവിടെയൊക്കെ നാശനഷ്ടം സംഭവിച്ചു എന്ന കണക്കെടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസംഘവുമായി പരസ്പരം ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പോസിറ്റീവായ റിപ്പോർട്ട് കൊടുത്തു എന്നാണ് പ്രതീക്ഷിക്കുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര തുക അനുവദിക്കുമെന്നോ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നതിനെ സംബന്ധിച്ച് വിവരങ്ങളൊന്നും സംസ്ഥാന ഗവൺമെന്റിന് ലഭ്യമായിട്ടില്ല. എങ്കിലും ശുഭാപ്തി വിശ്വാസത്തിലാണ്. കഴിഞ്ഞ വർഷത്തിൽ നിന്നും വ്യത്യസ്തമായി കേന്ദ്രഗവൺമെന്റിൽ നിന്നും കൂടുതൽ സഹായം ഈ ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ട്. അങ്ങനെ ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിച്ച് കർഷകർക്ക് എത്രയും പെട്ടെന്ന് സഹായം എത്തിക്കുന്നതായിരിക്കും. അതിനുപുറമേ പാലക്കാട് പോലുള്ള ജില്ലകളിൽ

രണ്ടാമത് കൃഷിയിറക്കേണ്ടതില്ല എന്ന തീരുമാനം എടുക്കേണ്ടതുണ്ട് എന്നു തോന്നുന്നില്ല. കൃഷിയിറക്കാനാവശ്യമുള്ള എല്ലാ രീതിയിലുള്ള സഹായങ്ങളും ഗവൺമെന്റ് കൊടുക്കുകയാണ്. അവർക്കാവശ്യമായിട്ടുള്ള വിത്ത് പൂർണ്ണമായും കേരളാ സീഡ് അതോറിറ്റിയുമായി ചേർന്ന് സംഭരിച്ചിട്ടുണ്ട്. കുറവുവരുന്ന വിത്തിനെ സംബന്ധിച്ച് നാഷണൽ സീഡ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഒരു എം.ഒ.യു ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ നമുക്കാവശ്യമായി വരുന്ന എല്ലാ വിത്തുകളും ഗവൺമെന്റിന്റെ കൈയ്യിൽ സ്റ്റോക്കുണ്ട്. ആ വിത്ത് പൂർണ്ണമായും സൗജന്യമായി കൃഷിക്കാർക്ക് കൊടുക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ദയവായി ഒരു കൃഷിക്കാരും ഈ വർഷം കൃഷിയിറക്കേണ്ടതില്ല എന്ന തീരുമാനം എടുക്കേണ്ടതില്ല. ഗവൺമെന്റിന്റെ പൂർണ്ണമായ പിൻതുണ ഈ കൃഷിക്കാർക്ക് ലഭിക്കുന്നതായിരിക്കും.

ശ്രീ. ഡി. കെ. മുരളി: സർ, മഴക്കുറവുമൂലം മണ്ണിന്റെ അമ്ലാംശം കൂടുന്നുവെന്നുള്ളത് അങ്ങയുടെ മറുപടിയിൽത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് കൃഷിക്കാരെ വലിയ തോതിൽ ബാധിക്കുന്നതുമാണ്. അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ അത് ഏതൊക്കെയാണ്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, മഴകുറയുന്നതുമൂലം മണ്ണിന്റെ അമ്ലാംശം കൂടിവരുന്നത് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. അതിനായി സോയിൽ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് എന്ന പദ്ധതി ഗവൺമെന്റ് നടപ്പാക്കുകയാണ്. ഇതിനുവേണ്ടി കുമ്മായം (നീറ്റുകക്ക) ഹെക്ടറിന് അയ്യായിരത്തി നാനൂറ് രൂപവരെ 75 ശതമാനം പൂർണ്ണമായി സബ്സിഡി നൽകിക്കൊണ്ട് കൃഷിക്കാർക്ക് നൽകുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞു. അത് നടപ്പാക്കാൻവേണ്ടി ഭരണാനുമതി നൽകിക്കഴിഞ്ഞു. കൃഷി ആരംഭിക്കുന്ന ഘട്ടത്തിൽത്തന്നെ, കുമ്മായം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സാധാരണ നിലയിൽ കുമ്മായത്തിന്റെ തുക ലഭിക്കുന്നത് അവസാനഘട്ടത്തിലാണ്. എന്നാൽ ഇപ്പോൾ ഗ്രീൻ ബുക്കിന്റെ അടിസ്ഥാനത്തിൽ ആദ്യമായി വേണ്ടിവരുന്ന എല്ലാ പദ്ധതികൾക്കുംവേണ്ടി പണം അനുവദിച്ചതിന്റെ ഭാഗമായി പ്രസ്തുത പദ്ധതിക്കും തുക അനുവദിച്ചു. സോയിൽ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് എന്ന പദ്ധതി ഗവൺമെന്റ് നടപ്പാക്കുന്നത് അമ്ലാംശം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയമായ ഇടപെടലിന്റെ ഭാഗമായാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കാർഷികവൃദ്ധിയേയും കാർഷിക മേഖലയേയും

സംരക്ഷിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അതീവ ശ്രദ്ധാലുവാണെന്നതിൽ വളരെയധികം സന്തോഷമുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. ജോർജ്ജ് എം. തോമസ് എം.എൽ.എ. സൂചിപ്പിച്ചതുപോലെ, എന്റെ മണ്ഡലത്തിലും പ്രത്യേകിച്ച് മലപ്പുറം കൊണ്ടോട്ടി ഏരിയയിലും ശക്തമായ കാറ്റ് മൂലം ഒരാൾ മരണപ്പെടുകയും മറ്റൊരാൾക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്ത സംഭവമുണ്ടായി. ഇതിനോടനുബന്ധിച്ച് ചീക്കോട് പഞ്ചായത്തിൽമാത്രം ഇരുപത്തയ്യായിരത്തോളം വാഴകൃഷിയാണ് നശിച്ചുപോയത്. ഇൻഷ്വറൻസ് സ്കീമടക്കമുള്ള കാര്യങ്ങളെക്കുറിച്ച് അറിയാത്ത ധാരാളം നിരക്ഷരരായ ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അവരുടെ എല്ലാ മോഹങ്ങളും നശിച്ചുപോയിട്ടുണ്ട്. ഈ വിഷയം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് ഏത് രീതിയിലുള്ള സഹായമാണ് ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ വാഴകൃഷിക്കുവേണ്ടി കൊടുക്കുന്നത് വെറും 5/- രൂപ മാത്രമാണ്. സംസ്ഥാന ഗവൺമെന്റ് 100 രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്. അത് വെട്ടിക്കുറച്ച് 5 രൂപയാക്കിയതിനെത്തുടർന്ന് ആ തുക നിലനിർത്തിക്കൊണ്ടുള്ള ഒരു ഉത്തരവ് കഴിഞ്ഞ ഗവൺമെന്റ്

പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരമുള്ള നഷ്ടപരിഹാരത്തുക ഈ നാശനഷ്ടം സംഭവിച്ച സ്ഥലങ്ങളിൽ കൊടുക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കും. ഇപ്പോൾ ഗവൺമെന്റ് ആരംഭിച്ചിരിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള ആളുകൾക്കാണെങ്കിൽ അത് പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. ഇപ്പോൾ വിള ഇൻഷ്വറൻസ് പദ്ധതിയിൽ മാറ്റം വരുത്തിയതിനെത്തുടർന്ന് വലിയ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. പണ്ടൊക്കെ ഒരു കൃഷിക്കാരന് വാഴ നഷ്ടപ്പെട്ടാൽ, അതായത് കുലയ്ക്കാത്ത ഏത്തവാഴയാണെങ്കിൽ 20/- രൂപയാണ് ലഭിച്ചുകൊണ്ടിരുന്നത്. ഈ ഗവൺമെന്റ് അത് 150/- രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. കുലച്ച വാഴയാണ് നഷ്ടപ്പെട്ടതെങ്കിൽ 50/- രൂപയാണ് ലഭിച്ചുകൊണ്ടിരുന്നത്. ഈ ഗവൺമെന്റ് അത് 300/- രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഈ വർഷമുണ്ടായ നഷ്ടത്തിന് കൃഷിക്കാർക്ക് വിള ഇൻഷ്വറൻസ് കിട്ടാൻ സാധ്യതയില്ലെങ്കിലും നിലവിലുള്ള നഷ്ടപരിഹാരത്തുക എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, അടുത്ത വർഷം മുതൽ വ്യാപകമായി എല്ലാ കൃഷിഭവനുകളിലും പ്രത്യേകമായി ആളുകളെ നിയോഗിച്ചുകൊണ്ട് എല്ലാ കൃഷിക്കാരെയും വിള ഇൻഷ്വറൻസ് സ്കീമുകളിൽ എൻറോൾ ചെയ്യിപ്പിക്കാനാവശ്യമായ ക്യാമ്പയിൻ നടത്തുന്നതോടുകൂടി, ഇതുപോലെയുണ്ടാകുന്ന

നഷ്ടങ്ങൾക്ക് അവർക്ക് പര്യാപ്തമായ നഷ്ടപരിഹാരത്തുക വിള ഇൻഷ്വറൻസ് വഴി ലഭ്യമാക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. കെ. രാജൻ: സർ, ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഈ നിലവാരത്തിൽ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് നൽകാനുള്ള സാധ്യതകൾ ഗവൺമെന്റ് നന്നായി പരിഗണിച്ചുവെന്നുള്ളത് ആശ്വാസകരമാണ്. അങ്ങ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ പ്രോ-വൈസ് ചാൻസലറായിരിക്കുന്ന വേളയിൽ കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് പഠിക്കാൻ എം.എസ്സി. ഇന്റഗ്രേറ്റഡ് കോഴ്സ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയോടൊപ്പം കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി കൂടി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ എന്നുള്ളതാണ് ചോദ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേന്ദ്രസർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ ഇവിടെ നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ട്.

പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ചില പാരാമീറ്റേഴ്സ് നിശ്ചയിച്ചിട്ടുണ്ട് എന്നുള്ളതാണ് ഇതിലെ പ്രധാനപ്പെട്ട പ്രശ്നം. അതനുസരിച്ചാണ് വിളകൾക്കുള്ള ഇൻഷ്വറൻസും സ്കീമും നിശ്ചയിക്കുന്നത്. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തുനിന്നാണ് പ്രധാനപ്പെട്ട കണക്കുകൾ ഇൻഷ്വറൻസ് കമ്പനി ശേഖരിക്കുന്നത്. അത് കളക്ട് ചെയ്യാനാവശ്യമായ സംവിധാനം ഇല്ലാത്തിടത്ത് അത് ഒരുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. മഴ, ചൂടിലുണ്ടാകുന്ന വ്യത്യാസം, കാറ്റ് തുടങ്ങിയവ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. ഇവ കണക്കാക്കുന്നതിനാണ് പാരാമീറ്റേഴ്സ് നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ ടേംസ് ഷീറ്റ് അനുസരിച്ചാണ് ഇതെല്ലാം നിശ്ചയിക്കുന്നത്. ഓരോ മാസവും ഇത്ര ഡിഗ്രി ചൂട് വർദ്ധിച്ചാൽ ഇത്ര രൂപ, മഴയിൽ ഇത്ര മില്ലീമീറ്റർ കുറവുണ്ടായാൽ ഇത്ര രൂപ എന്നുള്ള രീതിയിലാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. ഇതനുസരിച്ചാണ് ഇൻഷ്വറൻസ് കമ്പനി തുക നിശ്ചയിക്കുന്നത്. ആറ് മുതൽ 20 വർഷം വരെ കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റത്തിന്റെ ആവറേജ് എടുത്താണ് ഇത് കണക്കാക്കുന്നത്. അതുകൊണ്ടാണ് പലപ്പോഴും കൃഷിക്കാർക്ക് പൂർണ്ണമായും തുക കിട്ടാൻ കാലതാമസമുണ്ടാകുന്നത്. ഇപ്പോൾ ഒരു ഹെക്ടറിന് എഴുപത്തിമൂവായിരം

രൂപ നെൽകൃഷിക്കാർക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും അത്രയും തുക കിട്ടുന്ന കൃഷിക്കാർ വളരെ കുറവായിരിക്കും. കാരണം ഈ ഇൻഷ്വറൻസ് കമ്പനികൾ കർഷകർക്ക് നൽകേണ്ട തുകയിൽ പല രീതിയിലും വെട്ടിക്കുറവുകൾ വരുത്തി പരമാവധി തുക കുറയ്ക്കുക എന്നുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ടാണ് സംസ്ഥാന ഇൻഷ്വറൻസ് വളരെ വ്യാപകമായി സിമ്പിൾ ഇൻഷ്വറൻസ് എന്നുള്ള നിലയിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ ഇടയാക്കിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയടക്കമുള്ള പദ്ധതികൾ സംസ്ഥാനത്തെ എല്ലാ കൃഷിക്കാരിലും വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കാലാവസ്ഥാ വ്യതിയാനം മൂലം കൃഷി നശിക്കുന്നത് ഗവൺമെന്റിന്റെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം കൃഷി നശിക്കുന്നുണ്ട്. ഇത് രൂക്ഷമായ പ്രതിസന്ധിയുമാണ്. കനാലുകളിൽ യഥാസമയം വെള്ളം തുറന്നുവിടാത്തതുകൊണ്ട് വ്യാപകമായ കൃഷിനാശം ഇന്ന് കേരളത്തിലുണ്ടായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ എം.വി.ഐ.പി. കനാലിനെ ആശ്രയിച്ചാണ് കൃഷിയിറക്കുന്നത്. കനാലുകളിലെ വെള്ളം യഥാസമയം തുറന്നുവിടാത്ത സന്ദർഭത്തിൽ, ബഹുമാനപ്പെട്ട ജലവിഭവ

വകുപ്പുമന്ത്രിയെയും കൃഷി വകുപ്പുമന്ത്രിയെയും ഉദ്യോഗസ്ഥരെയും വിളിക്കുകയുണ്ടായി. എന്നാൽ ഉദ്യോഗസ്ഥരെ വിളിച്ചപ്പോൾ അവർ കൈമലർത്തുകയാണുണ്ടായത്. മന്ത്രിമാരെ വിളിച്ചപ്പോൾ അവർ പരിഗണിക്കാമെന്നുമാണ് പറഞ്ഞത്. എന്നാൽ ഒന്നും പരിഗണിച്ചില്ല. കൃഷി നശിച്ചുകഴിഞ്ഞപ്പോൾ കനാൽ വഴി വെള്ളം വന്നു. എന്റെ ചോദ്യം, പിറവം ഉൾപ്പെടെയുള്ള എറണാകുളം ജില്ലയിൽ കനാലിലൂടെ വെള്ളം തുറന്നുവിടാതെയും അല്ലാതെയും കൃഷി നശിച്ചിട്ടുള്ളതിനെ സംബന്ധിച്ചുള്ള കണക്കുകൾ എടുത്തിട്ടുണ്ടോ; അവർക്ക് നഷ്ടപരിഹാരം എന്നത്തേയ്ക്ക് കൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, വെള്ളം ലഭിക്കാതെ കൃഷിനാശം സംഭവിച്ച നാൽപത്തിയൊന്നായിരത്തിലധികം ഹെക്ടർ പ്രദേശത്തെ സംബന്ധിച്ച എല്ലാ കണക്കുകളും ലഭിച്ചിട്ടുണ്ട്. അതിന്റെ എല്ലാ അസെസ്സ്മെന്റ് റിപ്പോർട്ടുകളും കളക്ടറേറ്റുകളിൽ കൊടുത്തിട്ടുണ്ട്. അതിന്റെ മുറയ്ക്ക്, പ്രത്യേകിച്ച്, പാഡിയാണ് നഷ്ടപ്പെട്ടിട്ടുള്ളതെങ്കിൽ കളക്ടർമാർക്ക് അതിനാവശ്യമായ പണം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാകളക്ടർമാരും ആ പണം നൽകാനാവശ്യമായ നടപടി സ്വീകരിച്ചുവെന്നുള്ളതാണ് ഞങ്ങൾക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. എവിടെയെങ്കിലും അത്തരത്തിൽ ലഭ്യമാകാതിരിക്കുകയാണെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ,

കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള ഒരു ഹെക്ടറിന് 13,500/- രൂപ വീതം ഗവൺമെന്റ് ഉടൻ നൽകുന്നതായിരിക്കും. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഏകദേശം തുകയും കൊടുത്തുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിൽ നഷ്ടം സംഭവിച്ച സ്ഥലത്ത് പൂർണ്ണമായും നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇറിഗേഷൻ, കൃഷി തുടങ്ങിയ വകുപ്പുകൾ തമ്മിലുള്ള ഏകോപനം വളരെ പ്രധാനപ്പെട്ടതാണ്. അതിലുണ്ടായിട്ടുള്ള കുറവുകൾ ഗവൺമെന്റ് പരിഹരിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിൽ വെള്ളം തുറന്നുവിടുന്നതും ഷട്ടർ അടയ്ക്കുന്നതും പുലിമുട്ടുകൾ കെട്ടുന്നതുമൊക്കെയായി ബന്ധപ്പെട്ടുകൊണ്ട് ചില ഷെഡ്യൂകളുണ്ട്. പലപ്പോഴും ആ ഷെഡ്യൂൾ പാലിക്കാറില്ല. ഇപ്പോൾ പുലിമുട്ടുകൾ കെട്ടുന്നത് സംബന്ധിച്ച്, പുലികെട്ടുകൾ എന്ന് പറയുന്നത്, ഒക്ടോബർ മാസം 31-നുമുമ്പ് പുലിമുട്ടുകൾ കെട്ടിയിരിക്കണമെന്നാണ് നിയമം. പലപ്പോഴും ഒക്ടോബർ മാസം 31-നുമുമ്പ് പുലിമുട്ടുകൾ കെട്ടാൻ ആരും സന്നദ്ധമാകാറില്ല. ഇതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും കൂടി ചെയ്യേണ്ട കാര്യങ്ങളാണ്. അതുകൊണ്ട് ഇപ്പോൾ കർക്കശമായ നിർദ്ദേശം കൊടുത്തിരിക്കുന്നത്, ഇത് സംബന്ധിച്ച് മാനേജ്മെന്റ് കമ്മിറ്റികൾ എല്ലാ ജില്ലകളിലും രൂപീകരിക്കാനും

ഇറിഗേഷൻ, കൃഷി വകുപ്പുകൾ സംയുക്തമായി ചേർന്നുകൊണ്ട് ഇതുപോലുള്ള കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കാനും ഒരു ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ വെള്ളം തുറന്ന് വിടുന്നതും പുലിമുട്ടുകൾ കെട്ടുന്നതുമെല്ലാം വ്യക്തമായ മാർഗ്ഗനിർദ്ദേശത്തിന്റെയും ടൈം ഷെഡ്യൂളിന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്ന തീരുമാനം മന്ത്രിതലയോഗത്തിലും ഉദ്യോഗസ്ഥതലത്തിലും എടുത്തുകൊണ്ട് മുന്നോട്ടുപോകാൻ കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയിൽ കഴിഞ്ഞ രണ്ടാം വിളയ്ക്ക് നെൽകൃഷി ചെയ്യരുതെന്ന് ജില്ലാഭരണകൂടം ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നൂറുകണക്കിനേക്കർ ഭൂമിയിൽ നെൽകൃഷി ചെയ്യാതിരിക്കുകയാണ് കർഷകർ ചെയ്തത്. ഇപ്പോൾ വിളയുണക്കം ബാധിച്ച വിളകൾക്ക് നഷ്ടപരിഹാരം നൽകുമെന്നും കർഷകർക്ക് നെൽവിത്തുകൾ വിതരണം ചെയ്യുമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ജില്ലാഭരണകൂടത്തിന്റെ വാക്ക് വിശ്വസിച്ച് വിളയിറക്കാത്ത കർഷകർക്കുകൂടി ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

മി. സ്പീക്കർ: കൊയ്യാൻ പാകമായ നെല്ല് നശിച്ചാൽ മാത്രമല്ലേ നഷ്ടപരിഹാരം

കൊടുക്കുകയുള്ളൂ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 50 ശതമാനത്തിലധികം നഷ്ടം വന്ന നെൽക്കൃഷിക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകാനാണ് കണക്കാക്കുന്നത്. ഇങ്ങനെ വരുമ്പോൾ നെല്ലിനെ സംബന്ധിച്ച് ഒരു പ്രശ്നം വരുന്നില്ല.

മി. സ്പീക്കർ: കൊയ്യാൻ പാകമായ നെല്ല് നശിച്ചാൽ മാത്രമേ നഷ്ടപരിഹാരം കണക്കാൻ പറ്റുകയുള്ളൂവെന്ന് പല സ്ഥലത്തും പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് തെറ്റായൊരു വിവരമാണ്. അതുസംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഉദ്യോഗസ്ഥർക്ക് വ്യക്തമായ ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥർ സർക്കാരിന്റെ ഡയറക്ഷന് വിരുദ്ധമായ നിലയിൽ അസെസ്സ്മെന്റ് നടത്തുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കുന്നതായിരിക്കും.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്, പാലക്കാട് ജില്ലയിലെ റിസർവോയറിലുള്ള ജലത്തിന്റെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ എത്രമാത്രം ഇറിഗേഷൻ നടത്താൻ കഴിയുമെന്ന് അസസ്സ്മെന്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇന്ന സ്ഥലത്ത് കൃഷി ചെയ്താൽ വെള്ളം കൊടുക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ടാണ് അവിടെ കൃഷി ചെയ്യേണ്ട എന്നുള്ള നിർദ്ദേശം

ജില്ലാഭരണകൂടം നൽകിയത്. അവർക്ക് പുതുതായി കൃഷിയിറക്കാനാവശ്യമായ വിത്തും മറ്റ് സൗകര്യങ്ങളുമെല്ലാം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കൃഷിയിറക്കാത്ത സാഹചര്യത്തിൽ എന്ത് ചെയ്യണമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചുകൊണ്ട് ആവശ്യമായ പരിഹാരമുണ്ടാക്കും.

ഡോ. എൻ. ജയരാജ് : സർ, Per Drop More Crop എന്ന ആശയവുമായി പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനതലത്തിൽ നടപ്പാക്കുമ്പോൾ അതിന്റെ ജില്ലാതല ഇറിഗേഷൻ പ്ലാനും സ്റ്റേറ്റ് ലെവൽ ഇറിഗേഷൻ പ്ലാനും സെൻട്രൽ ഗവൺമെന്റിന് സമർപ്പിക്കണം എന്ന നിർദ്ദേശമുണ്ടായിരുന്നു. സംസ്ഥാന ഗവൺമെന്റ് അത്തരത്തിലൊരു ഇറിഗേഷൻ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ? ഇവിടെ വെതർസ്റ്റേഷന്റെ കാര്യം സൂചിപ്പിച്ചു. പല വെതർസ്റ്റേഷനുകളും കൃത്യമായി പ്രവർത്തിക്കുന്നില്ല. അത്തരം പ്രദേശങ്ങളിൽ വിള ഇൻഷുറൻസ് കിട്ടാനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല. കർഷകർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഗവൺമെന്റ് ഇപ്പോൾ അപ്പീൽ കൊടുത്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ കർഷകരുടേതായ കുഴപ്പംകൊണ്ടല്ലാതെ സംഭവിച്ച ഇക്കാര്യത്തിൽ ഗവൺമെന്റ്

അങ്ങനെയൊരു അപ്പീൽ പോയ നടപടി ശരിയല്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഈ തീരുമാനം ഗവൺമെന്റ് പിൻവലിച്ച് കൃഷിക്കാർക്ക് ഇൻഷ്വറൻസ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. സുനിൽകുമാർ : ഗവൺമെന്റ് അപ്പീൽ പോയ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധിച്ചശേഷം അതേപറ്റി അങ്ങേയ്ക്ക് രേഖാമൂലം മറുപടി തരാം. ഇൻഷ്വറൻസ് കമ്പനികൾ തന്നെ വെതർസ്റ്റേഷനുമായി ബന്ധപ്പെട്ടിട്ടുള്ള കണക്കുകൾ എടുക്കുന്നുണ്ട്. കൃഷി ഡിപ്പാർട്ട്മെന്റിന്റെ മാത്രം വെതർസ്റ്റേഷൻ അല്ല, സംസ്ഥാന ഗവൺമെന്റിന്റെ പല ഡിപ്പാർട്ട്മെന്റുകളുമായി ബന്ധപ്പെട്ട കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ടാണ് ഈ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ ഇറിഗേഷൻ പ്ലാനും സംസ്ഥാന ഇറിഗേഷൻ പ്ലാനും പരിപൂർണ്ണമായും സ്റ്റേറ്റിൽ അപ്‌ലോഡ് ചെയ്യാനാവശ്യമായ നടപടി ഇപ്പോൾ ഏകദേശം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. രണ്ട് വർക്ക്ഷോപ്പുകൾ ഇതിനുവേണ്ടി നടത്തുകയുണ്ടായി. ജില്ലാ ഇറിഗേഷൻ പ്ലാൻ 2015 ആഗസ്റ്റ്-ജൂലൈ മാസത്തിൽ കൊടുക്കേണ്ടതായിരുന്നു. പക്ഷേ നമുക്ക് കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് വന്ന ശേഷം ജില്ലാ ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കാൻ വേണ്ട വിശദമായ കണക്കുകളും അതിനാവശ്യമായ പഠനങ്ങളും നടത്തുകയുണ്ടായി.

പല ഘട്ടങ്ങളിൽ ജലസേചന വകുപ്പിന്റെയും കൃഷിവകുപ്പിന്റെയും മന്ത്രിമാർ സംയുക്തമായി തന്നെ ഇതിനായി യോഗങ്ങൾ വിളിച്ചുചേർത്തു. ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് രണ്ടുതവണ വീഡിയോ കോൺഫറൻസ് നടത്തി. അതിനുശേഷം കഴിഞ്ഞ മാസം 16, 17 തീയതികളിലായി തൃശ്ശൂരിൽവച്ച് ഒരു വർക്ക്ഷോപ്പ് നടത്തിയതിനെതുടർന്ന് സംസ്ഥാന ഇറിഗേഷൻ പ്ലാനിന്റെ പൂർണ്ണമായ രൂപം തയ്യാറാക്കി കേന്ദ്രത്തിന് കൊടുക്കാനാവശ്യമായ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, കാലാവസ്ഥാ വ്യതിയാനത്തിനായി അനുവദിച്ചിട്ടുള്ള ഗ്രീൻ ക്ലൈമറ്റ് ഫണ്ട് (G.C.F) ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണ്?

ശ്രീ. വി. എസ്. സുനിൽകുമാർ : ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനെ സംബന്ധിച്ച പ്രൊപ്പോസൽ ഇതുവരെ സമർപ്പിച്ചിട്ടില്ല. പക്ഷേ അത് സമർപ്പിക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ഇത്തവണ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ കൊയ്ത നെല്ല് ഉണക്കിയെടുക്കാനുള്ള സന്ദർഭം ഉണ്ടായിരുന്നു. പക്ഷേ ഈർപ്പമുണ്ടെന്ന കാരണത്താൽ പല സ്ഥലത്തും നെല്ല് എടുത്തില്ല.

അതുകാരണം അമ്പലപ്പുഴ, ഹരിപ്പാട്, കുട്ടനാട് മേഖലകളിലെ കർഷകർക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ഞാൻ ബഹുമാന്യനായ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണിത്. ആ നെല്ല് എടുക്കുന്നതിലുണ്ടായ കാലതാമസം കർഷകർക്ക് വലിയ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. മാത്രമല്ല, എടുത്ത നെല്ലിന് ഇതുവരെ പണം കൊടുത്തിട്ടുമില്ല. ഈ രണ്ട് വിഷയങ്ങളാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഭാവിയിലാണെങ്കിലും ഉടനടി തന്നെ നെല്ല് എടുത്തില്ലായെങ്കിൽ നെല്ലും നഷ്ടമാകും, കർഷകർക്ക് ഭീമമായ സാമ്പത്തിക നഷ്ടവുമുണ്ടാകും. പ്രത്യേകിച്ച് അപ്പർ കുട്ടനാട്, കുട്ടനാട് മേഖലകളിൽ ഇതൊരു തുടർക്കഥയായി മാറിക്കൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u> : സർ, അങ്ങ് പറഞ്ഞത് നെൽകൃഷിയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. കാരണം പലപ്പോഴും നെല്ല് എടുക്കുന്ന മില്ലുകാർ നെല്ലിന്റെ ഈർപ്പം കൂടുതലാണെന്നു പറഞ്ഞുകൊണ്ട് തുകയിൽ കുറവുവരുത്തുന്ന സംവിധാനം ഉണ്ടാകുന്നുണ്ട്. മാത്രമല്ല, കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന നെല്ലിന്റെ ക്വാളിറ്റി, കരിനിലങ്ങളിലുണ്ടാകുന്ന നെല്ലിന്റെ ഗുണനിലവാരം എന്നൊക്കെ പറഞ്ഞുകൊണ്ട് വൻതോതിൽ വെട്ടിക്കുറവ് വരുത്തുന്ന

ഒരു പ്രവണത മില്ല് ഉടമസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാകുകയുണ്ടായി. ഇത് അങ്ങ് ഉൾപ്പെടെയുള്ള പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ഞാനും ഇതിൽ ഇടപെടുകയും ആലപ്പുഴ ജില്ലയെ സംബന്ധിച്ച് പഠിക്കുന്നതിനായി കൃഷി വകുപ്പിൽ ജില്ലാ കൃഷി ഓഫീസറും ജില്ലാ കളക്ടറും പാഡി ഓഫീസറും അടക്കമുള്ള ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആ കമ്മിറ്റിയിൽ ഈ നെല്ലിന്റെ യഥാർത്ഥ നഷ്ടം എത്രയാണെന്ന് കണക്കാക്കികൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കാൻ വേണ്ടി അവർക്ക് നിർദ്ദേശം കൊടുക്കുകയുണ്ടായി. എന്നുമാത്രമല്ല കാലാവസ്ഥാ വ്യതിയാനംമൂലമാണ് നെല്ലിന്റെ ഗുണനിലവാരം കുറഞ്ഞിട്ടുള്ളതെങ്കിൽ മില്ലുകാർക്ക് ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച് ഈ കമ്മിറ്റി അസസ്സ് ചെയ്തശേഷം വ്യത്യാസം വരുന്ന തുക കൃഷി വകുപ്പിന്റെ ഭാഗത്തു നിന്നുള്ള നഷ്ടപരിഹാര തുകയായി കർഷകർക്ക് കൊടുക്കാൻ വേണ്ടിയുള്ള പരിഹാര മാർഗ്ഗനിർദ്ദേശമാണ് ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. ഇത് പ്രധാനപ്പെട്ടൊരു തീരുമാനമാണ്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായി കൃഷിക്കാർക്ക് നഷ്ടമുണ്ടാകുന്നില്ല. ആ നഷ്ടം കൃഷിവകുപ്പുതന്നെ വഹിക്കുമെന്നുള്ളതാണ് ഇതിനൊരു പരിഹാരം. നെല്ലിന്റെ തുക എത്ര കൊടുക്കാനുണ്ടെന്നുള്ളതു സംബന്ധിച്ച കണക്കുകൾ ഇപ്പോൾ പറയാൻ

കഴിയില്ല. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച കണക്കുകൾ കൈവശമുണ്ടെങ്കിൽ പറയാവുന്നതാണ്. എങ്കിലും മാർച്ച് മാസം 30 വരെയുള്ള കണക്കുകൾ സംസ്ഥാനത്ത് കൊടുത്ത് തീർത്തതായിട്ടാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. മാത്രമല്ല, നെല്ലിന്റെ വില കൊടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് നിൽക്കുന്ന ഏറ്റവും വലിയ പരാതി അവർക്ക് യഥാസമയം തുക ലഭിക്കുന്നില്ല എന്നുള്ളതാണ്. അടുത്ത സീസൺ മുതൽ നെല്ല് എടുത്തു കഴിഞ്ഞാൽ ലഭിക്കുന്ന പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) കൃഷിക്കാരൻ അവന്റെ ബാങ്ക് അക്കൗണ്ടിൽ കൊടുത്തുകഴിഞ്ഞാൽ അപ്പോൾ തന്നെ പൈസ കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിരിക്കുകയാണ്. അങ്ങനെ വരുന്നതോടുകൂടി പാടത്ത് പണി വരമ്പത്ത് കൂലി എന്നു പറയുന്നതുപോലെ അടുത്ത വർഷം മുതൽ നെല്ലിന്റെ വില അപ്പോൾ തന്നെ കിട്ടുന്ന സംവിധാനം ഈ മേഖലയിലുണ്ടാകും.

ശ്രീ. കെ. ഡി. പ്രസേനൻ : സർ, വിള ഇറക്കി നഷ്ടം വന്ന കർഷകരുടേയും വിള ഇറക്കാത്ത കർഷകരുടേയും ധനസഹായത്തെക്കുറിച്ചാണ് ഇത്രയും നേരം പറഞ്ഞത്. ഇവിടെ വിസ്മരിച്ചുപോകുന്ന ഒരു പ്രധാനപ്പെട്ട വിഭാഗമാണ് കർഷകത്തൊഴിലാളികൾ. അവർക്ക് കാലാവസ്ഥാവ്യതിയാനം മൂലം ജോലി നഷ്ടപ്പെടുകയും അവരുടെ ജീവിതം ദുരിതപൂർണ്ണമാകുകയും ചെയ്യുന്നു. അതിനാൽ

അവർക്ക് പ്രത്യേക സഹായം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ കഴിയുമോ?

ശ്രീ. വി. എസ്. സുനിൽകുമാർ: പ്രധാനപ്പെട്ട ഒരു കാര്യമാണിതെങ്കിലും കർഷകത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരത്തിന്റെ കാര്യം കൃഷിവകുപ്പിന്റെ പരിഗണനയിലില്ല. സംസ്ഥാന ഗവൺമെന്റ് പൊതുവായി ആലോചിക്കേണ്ട കാര്യമാണിത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ കാർഷികമേഖല പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഏതാനും മാസങ്ങൾക്ക് മുൻപ് വയനാട് ജില്ലയിൽ കൊടുക്കാനുള്ള കുടിശ്ശികകൾ കൊടുത്തു. എന്നാൽ ഇന്ന് നഷ്ടം വീണ്ടും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കർണ്ണാടകയുടെ അതിർത്തി പ്രദേശമായ മുള്ളങ്കൊല്ലി, പുൽപ്പള്ളി, ക്ലതാടി, നൂൽപ്പുഴ, നെൻമേനി പഞ്ചായത്തുകളിൽ വരൾച്ചയുമായി ബന്ധപ്പെട്ട് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് തടയുന്നതിനുവേണ്ടി ഒരു ദീർഘവീക്ഷണ പദ്ധതി തയ്യാറാക്കാമെന്ന് മന്ത്രി കഴിഞ്ഞ സഭയിൽ സൂചിപ്പിച്ചിരുന്നു. അത്തരത്തിലുള്ള നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എസ്. സുനിൽകുമാർ: ശ്രീ.ഐ. സി. ബാലകൃഷ്ണന്റെ മണ്ഡലത്തിൽ

ആണ് വരൾച്ച ഏറ്റവും കൂടുതൽ ബാധിച്ചത്. അത് ഈ വർഷം മാത്രമല്ല. കഴിഞ്ഞ വർഷവും അതിനുമുമ്പത്തെ വർഷവും നിരന്തരമായി അവിടെ കാലാവസ്ഥയിൽ വ്യതിയാനം വരുന്ന ഒരു പ്രതിഭാസം നടക്കുകയാണ്. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും അവിടെ രണ്ട് തവണ സന്ദർശനം നടത്തിയിരുന്നു. തുടർന്ന് മുള്ളൻകൊല്ലി, പുൽപ്പള്ളി പ്രദേശത്തെ ജലത്തിന്റെ ലഭ്യതക്കുറവും വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി വളരെ വിപുലമായ ഒരു പ്രോജക്ട് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ അവിടെ പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞു. ആ പ്രോജക്ട് കഴിഞ്ഞ ദിവസം പ്ലാനിംഗ് കമ്മീഷൻ വൈസ് ചെയർമാനും പ്ലാനിംഗ് കമ്മീഷണറും ധനകാര്യ വകുപ്പിന്റേയും കൃഷി വകുപ്പിന്റേയും മുൻപിൽ പ്രദർശിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 89 കോടി രൂപയുടെ പ്രോജക്ടാണ് ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നത്. ഈ വർഷം തന്നെ ആ പ്രോജക്ട് അവിടെ പ്രവർത്തനം ആരംഭിക്കും. അതിവിപുലമായ തോതിൽ താഴെത്തട്ടിലുള്ള വാർഡ് മെമ്പർമാരും കൃഷിക്കാരും ബഹുമാനപ്പെട്ട എം.എൽ.എ.-യും കൂടിചേർന്നാണ് അതിനു നേതൃത്വം കൊടുത്തത്. ഈ പദ്ധതി മൂന്ന് വർഷംകൊണ്ട് നടപ്പിലാക്കിക്കഴിഞ്ഞാൽ ഈ പ്രദേശത്തെ രൂക്ഷമായ വരൾച്ചയ്ക്ക് കേരളത്തിനുതന്നെ മാതൃകയാകുന്ന

നീർത്തടാധിഷ്ഠിതമായ ഒരു പദ്ധതിയായി മാറും. അതിന്റെ നടപടി ആരംഭിച്ചുകഴിഞ്ഞു.

## നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

(* 123) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ.സി.മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിലെ നാളികേര ഉൽപ്പാദനം തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിൻെറ ഉല്പാദനത്തിൻെറ പകുതി മാത്രമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതിൻെറ കാരണങ്ങളെക്കുറിച്ച് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിലെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കാനും നിലവാരം ഉയർത്താനും സ്വീകരിക്കാവുന്ന പ്രായോഗിക മാർഗ്ഗങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ): സർ,

(എ) കേന്ദ്രസർക്കാരിൻെറ കണക്കുകൾ പ്രകാരം 2013-14-ൽ കേരളത്തിലെ നാളികേര ഉൽപ്പാദനം 4107370 മെട്രിക് ടണ്ണും തമിഴ്നാടിന്റേത് 4760670 മെട്രിക് ടണ്ണമാണ്. 2014-15- ൽ കേരളത്തിന്റേത് 3370000 മെട്രിക് ടണ്ണും തമിഴ്നാടിന്റേത് 4760670 മെട്രിക് ടണ്ണമാണ്.

(ബി) സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ്കൃഷി 2012-13 വർഷം 798162 ഹെക്ടറിലും 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും കൃഷി ചെയ്തിരുന്നതായി സാമ്പത്തിക സ്ഥിതിവിവര വകുപ്പിൻെറ കണക്കുകൾ സൂചിപ്പിക്കുന്നു. 2012-13 വർഷം 5799 മില്യൺ നാളികേരമായിരുന്നു ഉൽപ്പാദനം. 2013-14 വർഷം 5921 മില്യൺ ആയും 2014-15 വർഷം 5947 മില്യൺ ആയും ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ 2015-16 വർഷം വിസ്തൃതി 790223 ഹെക്ടറായി കുറഞ്ഞപ്പോൾ ഉൽപ്പാദനത്തിൽ 1.25% കുറവ് ഉണ്ടായതായി കാണുന്നു. നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചപ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയാൻ ഇടയാക്കി. കൂടാതെ സംസ്ഥാനത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ 15%-22% വരെ കാറ്റുവീഴ്ച മുതലായ രോഗങ്ങളും കീടബാധകളുംമൂലം ഉൽപ്പാദന ക്ഷമത കുറയാൻ കാരണമായെന്ന്

കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രീയ കൃഷിമുറകൾ തെങ്ങിൻ തോട്ടങ്ങളിൽ പാലിക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിച്ചെലവും ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. തെങ്ങ് കയറ്റ തൊഴിലാളികളുടെ ദൗർലഭ്യം ക്രമമായ വിളവെടുപ്പിന് തടസ്സം സൃഷ്ടിക്കുന്നു. ഇതുമൂലമാണ് തെങ്ങുകൃഷിക്കാർ കൃഷിയിൽ നിന്നും പിന്നോട്ട് മാറുന്നതിന് ഒരു കാരണം.

(സി) ഉണ്ട്. സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേര ഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതിയുള്ള 44 കേര ഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ രൂപപ്പെടുത്തിവരുന്നു.

ആയതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ 300 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, നമ്മുടെ നാട്ടിൽ കാലപ്പഴക്കം വന്നതും രോഗം വന്നതുമായ തെങ്ങുകൾ വ്യാപകമായി മുറിച്ചുമാറ്റപ്പെടുന്നുണ്ട്. എന്നാൽ അതിന് പകരമായി അത്രത്തോളം തെങ്ങുകൾ വച്ച് പിടിപ്പിക്കപ്പെടുന്നില്ല. അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ ലഭ്യമല്ലെന്നാണ് കർഷകർ പറയുന്ന പ്രധാന കാരണം. ഇറിഗേഷൻ അടക്കമുള്ള സൗകര്യങ്ങളും വളരെ കുറവാണ്. ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതുകൊണ്ടാണ് തമിഴ്നാട്ടിൽ ഉല്പാദനം വർദ്ധിക്കുന്നത്. ഉല്പാദനശേഷിയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിനും ആധുനിക രീതിയിൽ ഇറിഗേഷൻ അടക്കമുള്ള കൃഷി രീതികൾ കർഷകരെ പഠിപ്പിക്കാനും എന്തെല്ലാം പരിപാടികളാണ് ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ളത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, തെങ്ങിനുണ്ടാകുന്ന വ്യാപകമായ രോഗംമൂലം തെങ്ങുകൾ വെട്ടിക്കളയുകയാണ്. അതിനുപകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കിട്ടാനില്ലെന്നത് ന്യായമായ കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കാൻ ആവശ്യമായ വിപുലമായ പരിപാടികളാണ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ളത്. അത്തരം തൈകൾ വ്യാപകമായി വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. അതിനുപുറമേയാണ് 250 ഹെക്ടർ എന്നത് ഒരു യൂണിറ്റായി എടുത്ത് 44 കേരഗ്രാമങ്ങൾ ഈ വർഷം ആരംഭിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. ഷാജി സൂചിപ്പിച്ചതുപോലെ, ആ കേരഗ്രാമങ്ങളിൽ ഏറ്റവും ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൊടുക്കുക മാത്രമല്ല, തെങ്ങുകളെ പരിപാലിക്കാൻ വേണ്ട ശാസ്ത്രീയമുറകളായ വളം, ചികിത്സാ സംവിധാനങ്ങൾ, തുടങ്ങി എല്ലാ രീതിയിലുമുള്ള വിളപരിപാലന രീതികളും ഉപയോഗിച്ച് ക്ലസ്റ്ററുകൾ മാതൃകാപരമായി നടപ്പിലാക്കി ഉല്പാദനം വർദ്ധിപ്പിക്കുകയെന്നുള്ളതാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ 44 ക്ലസ്റ്ററുകളാണ് ആരംഭിക്കുന്നതെങ്കിലും അവ വ്യാപകമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അങ്ങനെവരുമ്പോൾ സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളയായ നാളികേരത്തിന്റെ ഉല്പാദനക്കുറവിന്

പരിഹാരം കാണാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എം. ഷാജി: സർ, ഇപ്പോൾ എല്ലാ കൃഷികളേയും ബാധിക്കുന്ന പ്രധാന പ്രശ്നം അവ ലാഭകരമല്ലെന്നുള്ളതാണ്. തെങ്ങിന്റെ കാര്യത്തിലും അങ്ങനെ തന്നെയാണ്. വെളിച്ചെണ്ണയിൽ മായം കലർത്തി വിൽക്കുന്നത് ഭയന്ന് വെളിച്ചെണ്ണയുടെ ഉപയോഗം തന്നെ കുറച്ചിരിക്കുകയാണ്. വെളിച്ചെണ്ണയിലടക്കം മായം കലർത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, മായം കലർത്തുന്നത് തടയുന്നതിന് പ്രധാനമായും നടപടി സ്വീകരിക്കേണ്ടത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിലാണ്. നാളികേരത്തിന്റെ ഗുണമേന്മ സംബന്ധിച്ച് പ്രചരണം നടത്താനും ശാസ്ത്രീയമായി ജനങ്ങളിലേയ്ക്ക് എത്തിക്കാനുംവേണ്ടി പ്രത്യേക ഫണ്ട് ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. ശുദ്ധമായ വെളിച്ചെണ്ണ ശരീരത്തിന് ദോഷമുണ്ടാക്കുന്നതല്ല. വെളിച്ചെണ്ണ കൊളസ്ട്രോൾ വർദ്ധിപ്പിക്കുമെന്ന വ്യാജപ്രചരണം നടത്തി മറ്റ് ചില എഡിബിൾ ഓയിൽ ലോബി കേരളത്തിലും ഇന്ത്യയിലും നടത്തിയിട്ടുള്ള പ്രവർത്തനത്തെ മറികടക്കാൻ വേണ്ട ശക്തമായ ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്ന് ഉപയോഗിക്കുന്ന വെളിച്ചെണ്ണയിൽ വ്യാപകമായി പാരഫീൻ പോലെ കൃത്രിമമായിട്ടുള്ളതും മനുഷ്യന്റെ ആരോഗ്യത്തിന്

ദോഷകരമായിട്ടുള്ളതുമായ പല പദാർത്ഥങ്ങളും ചേർക്കുന്നുണ്ട്. അതിനുപുറമെ സൺഫ്ലവർ ഓയിലെന്ന് പറഞ്ഞ് വിലകുറച്ച് കൊടുക്കുന്ന പല എണ്ണകളിലും മായമുണ്ടെന്ന പ്രചരണം ശക്തമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ കീഴിലുള്ള കേരഫെഡ് വെളിച്ചെണ്ണയുടെ ഉല്പാദനം 50 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നതിനായി കൂടുതൽ ഫാക്ടറികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുമുണ്ട്. 29 നാളികേര ഉല്പാദന കമ്പനികളാണ് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആ കമ്പനികൾ പൂർണ്ണമായും ഉല്പാദനം നടത്തി, ശുദ്ധമായ വെളിച്ചെണ്ണ കേരളത്തിൽ ഉല്പാദിപ്പിക്കാൻ സാധിച്ചാൽ ഇതിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കും. കൂടാതെ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പാദന മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നാളികേരത്തിൽ നിന്നും അന്താരാഷ്ട്ര നിലവാരമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി, അതിന് അനുസൃതമായ ഒരു ഇൻഡസ്ട്രി കേരളത്തിൽ രൂപപ്പെടുത്തിയെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, രാജ്യത്ത് തെങ്ങുകൃഷിയുടെ വിസ്തൃതിയിൽ കേരളം ഒന്നാം സ്ഥാനത്തും ഉല്പാദനത്തിന്റെ കാര്യത്തിൽ മൂന്നാം സ്ഥാനത്തുമാണ്. ഇത് തെളിയിക്കുന്നത് ഉല്പാദനക്ഷമതയില്ലായ്മയാണ്. തെങ്ങുകൾക്ക് പുതിയ രോഗങ്ങൾ

വരുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വച്ച് പിടിപ്പിക്കുകയാണ് ചെയ്യുന്നത്. പുതിയ തൈ വച്ചുപിടിപ്പിച്ച് ഉല്പാദനം നടത്തണമെങ്കിൽ പത്ത് വർഷമെങ്കിലും കാത്തിരിക്കണം. അതിലൂടെ പത്ത് വർഷം കർഷകർക്കും സാമ്പത്തിക മേഖലയ്ക്കും നഷ്ടം ഉണ്ടാവുകയാണ്. തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനുപകരം എന്തെല്ലാം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമെന്നത് സംബന്ധിച്ച് എന്തെങ്കിലും ഗവേഷണം നടത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; രൂക്ഷമായ വരൾച്ച നേരിടുന്ന ഈ സാഹചര്യത്തിൽ തെങ്ങുകൾക്ക് രോഗം ബാധിച്ചതുവഴി നാളികേര ഉല്പാദനത്തിൽ എത്രമാത്രം കുറവ് വന്നിട്ടുണ്ടെന്നത് സംബന്ധിച്ച് എന്തെങ്കിലും കണക്ക് ഗവൺമെന്റിന്റെ കൈവശമുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറഞ്ഞതുപോലെ തെങ്ങിനുണ്ടായ കാറ്റുവീഴ്ചാ രോഗം ആരംഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു. രോഗത്തിന് കാരണം കണ്ടെത്തിയിട്ടുണ്ടെങ്കിലും അതിന് പരിഹാരം കണ്ടെത്താൻ സർവ്വകലാശാലകൾക്ക് കഴിഞ്ഞിട്ടില്ല. തെങ്ങിനെ ബാധിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ രോഗങ്ങൾക്ക് ശാസ്ത്രീയമായ രീതിയിൽ കാർഷിക സർവ്വകലാശാല പല രീതിയിലുള്ള ചികിത്സാ സമ്പ്രദായങ്ങൾ ആരംഭിച്ചിട്ടുണ്ട്. നാളികേര

ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള തകർച്ചയാണ് കാർഷിക ഉല്പാദന രംഗത്തെ തകർച്ചയ്ക്ക് കാരണമായ ഘടകം. മുഖ്യവിളയായ നാളികേരത്തിന് ഉണ്ടായ തകർച്ച നേരിടാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ഗവേഷണം നടത്തി വിശദവിവരം നൽകാൻ സർവ്വകലാശാലകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വരൾച്ചമൂലം തെങ്ങിനുണ്ടായ നഷ്ടം ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നതല്ല. അടുത്ത വർഷത്തോടുകൂടി മാത്രമേ യീൽഡിൽ ഉണ്ടായ വ്യത്യാസം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അങ്ങ് സൂചിപ്പിച്ചതുപോലെ, പുതിയ തെങ്ങുകൾ വയ്ക്കുമ്പോൾ 10 വർഷം നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ ഇടവിള കൃഷി ചെയ്യണം. ഇടവിള കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. റബ്ബർ കൃഷി ചെയ്യുമ്പോൾ മൂന്ന് വർഷം വിള കിട്ടാതിരിക്കുമ്പോൾ സംസ്ഥാന കൃഷി വകുപ്പ് പ്രത്യേകം പദ്ധതി ഉണ്ടാക്കിയതുപോലെ രോഗം വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ വച്ചുപിടിപ്പിക്കുമ്പോൾ ഇടവിള കൃഷി ചെയ്യുന്നതിന് പ്രത്യേക പദ്ധതി ഗവൺമെന്റ് തയ്യാറാക്കുന്നതായിരിക്കും.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, കേരം തിങ്ങുന്ന നാടാണെന്ന് പറയുമെങ്കിലും ഏറ്റവും കൂടുതൽ അവഗണന നേരിടുന്ന ഒന്നാണ് കേര കൃഷി. അങ്ങ് 44 കേരഗ്രാമം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആ കേരഗ്രാമം തെരഞ്ഞെടുക്കുന്നതിന്റെ

മാനദണ്ഡമെന്താണ്; രോഗം ബാധിച്ചതോ യീൽഡ് കുറഞ്ഞതോ ആയ സ്ഥലങ്ങളെയാണോ ഇതിനായി തെരഞ്ഞെടുക്കുന്നത് അതുമല്ലെങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണോ ഇത്; ഒരു തെങ്ങിന് 2,000 രൂപയാണ് വിള ഇൻഷ്വറൻസ് ആയി ലഭിക്കുന്നത്. അത് 5,000 രൂപയാക്കി ഉയർത്തി നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, മുമ്പുണ്ടായിരുന്ന വിള ഇൻഷ്വറൻസ് ഇരട്ടിയാക്കി വർദ്ധിപ്പിച്ച് നൽകാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. തെങ്ങ് കൃഷി വ്യാപകമായി നിൽക്കുന്ന പഞ്ചായത്തുകളെയാണ് കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ചില പഞ്ചായത്തുകളിൽ 500 ഹെക്ടർ സ്ഥലം എടുക്കാൻ കഴിയാത്തതുകൊണ്ടും ഒരു പഞ്ചായത്തിൽ തന്നെ യൂണിറ്റായി നിൽക്കുന്നതിനുവേണ്ടിയുമാണ് 250 ഹെക്ടറായി കുറച്ചത്. ഏറ്റവും കൂടുതൽ തെങ്ങ് കൃഷിയുള്ളതും തെങ്ങ് കൃഷിയുടെ സാധ്യതകൾ കൂടുതലുള്ള സ്ഥലങ്ങളുമാണ് ക്ലസ്റ്ററിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അടുത്ത വർഷം പുതിയ ക്ലസ്റ്ററുകൾ വ്യാപിപ്പിക്കുകയാണ്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ വന്നാൽ മാത്രമെ നമ്മൾ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളൂ. 10-20 സെന്റിൽ കൃഷി ചെയ്യുന്ന കർഷകരാണ് കൂടുതലും. തെങ്ങിന് വേണ്ടത്ര പരിചരണം കിട്ടാതെ വരുമ്പോഴാണ് വിളവ്

കുറയുന്നത്. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആകുമ്പോൾ സ്വാഭാവികമായും കേന്ദ്രീകൃതമായ സംവിധാനം വരികയും യീൽഡ് വർദ്ധിക്കുകയും ചെയ്യുമെന്നാണ് കണക്കാക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, കേരകർഷകരെ സംബന്ധിച്ചിടത്തോളം അങ്ങ് സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നങ്ങളാണ് അവരെ കൃഷിയിൽ നിന്നും പിന്നോട്ടടിക്കുന്നത്. കർഷകർക്ക് നല്ല വിളവുണ്ടാകുന്നതും പെട്ടെന്ന് വിളവെടുക്കാൻ സാധിക്കുന്നതുമായ നല്ല ഇനം തൈകൾ ലഭ്യമാക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനം. മൂന്ന് അടി ഉയരവും മൂന്ന് വർഷം കൊണ്ട് വിളവെടുക്കാൻ കഴിയുന്നതുമായ കുള്ളൻ തെങ്ങുകൾ ആകർഷകമായ ഒന്നാണ്. എന്നാൽ അത്തരം തൈകൾ കിട്ടാനില്ല. അത്തരം തൈകൾ ലഭ്യമാക്കി കൃഷി ചെയ്ത് നീര പോലെയുള്ള മൂല്യവർദ്ധിത പ്രോഡക്ടുകൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി സബ്സിഡി കൊടുക്കുന്ന കാര്യത്തിൽ പിന്നോക്കമാണ്. സബ്സിഡി കൊടുക്കാനും കുള്ളൻ തെങ്ങുകൾ ലഭ്യമാക്കാനും തീവ്രയത്ന പരിപാടിയെന്ന നിലയിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ പൊക്കം കുറഞ്ഞതും ഗുണമേന്മയുള്ള നാളികേരം ഉല്പാദിപ്പിക്കാൻ കഴിയുന്നതുമായ നല്ല ഇനം തെങ്ങുകൾ കാർഷിക സർവ്വകലാശാല പീലിക്കോട് ഗവേഷണ കേന്ദ്രത്തിൽ

വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആ തെങ്ങുകൾക്കുവേണ്ടി ബുക്ക് ചെയ്താൽ അത് ലഭിക്കാൻ 2 മുതൽ 6 മാസംവരെ സമയമെടുക്കുമെന്നുള്ളതാണ് പ്രശ്നം. അതൊഴിവാക്കാൻ അത്തരം തൈകളുടെ ഉല്പാദനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കണമെന്ന് സർവ്വകലാശാലകളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സർവ്വകലാശാലയോടും കേന്ദ്ര തെങ്ങ് വിള ഗവേഷണ കേന്ദ്രത്തിനോടും ഗുണമേന്മയുള്ള കൂടുതൽ തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷം മുതൽ ഗുണമേന്മയുള്ള കൂടുതൽ തെങ്ങിൻ തൈകൾ സംസ്ഥാനത്ത് വിതരണം ചെയ്യാൻ കഴിയും.

<u>മി. സ്പീക്കർ</u> : ഓർഡർ... ഓർഡർ...ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)